I.ഇ.ബി.XI–കേരള നിയമസഭ/IV2

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 13, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ . വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

### കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലിരിക്കെ ബാലകൃഷ്ണൻ എന്നയാൾ സംശയകരമായ സാഹചര്യത്തിൽ മരണപ്പെട്ടതു സംബന്ധിച്ച്:

മി.സ്പീക്കർ: ബസ് സ്റ്റാന്റിൽനിന്നും അറസ്റ്റു ചെയ്യപ്പെട്ട് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലിരുന്ന പന്തളം സ്വദേശി ശ്രീ.ബാലകൃഷ്ണൻ അടുത്ത ദിവസം വൈകുന്നേരം സംശയകരമായ സാഹചര്യത്തിൽ പരിക്കുകളോടെ മരണപ്പെട്ടതിനെത്തുടർന്ന് ആ പരിസര പ്രദേശങ്ങളിലെ ജനങ്ങളിൽ ഉളവായിരിക്കുന്ന ഉൽക്കണ്ഠയും ഗുരുതരമായ സ്ഥിതിവിശേഷവും കണക്കിലെടുത്ത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി.കെ.ദേവകുമാർ, ബിനോയ് വിശ്വം, വി.സി.കബീർ, എ.എ.അസീസ്, ഡോ.കെ.സി.ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി): പന്തളം കുന്ദള വീട്ടിൽ നാരായണൻ മകൻ 38 വയസ്സുള്ള ബാലകൃഷ്ണനെ 10.6.2002-ന് കരുനാഗപ്പള്ളിയിലുള്ള ഒരു ലോഡ്ജിൽനിന്നും സംശയത്തിന്റെ പേരിൽ പിടികൂടി കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്നു. ഇയാൾ ആലപ്പുഴ, വെൺമണി പോലീസ് സ്റ്റേഷനുകളിലെ സ്ഥിരം ക്രിമിനലാണെന്നും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചില സ്ഥലങ്ങളിലെ മോഷണക്കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതായും ചോദ്യം ചെയ്തപ്പോൾ മനസ്സിലായി. അതിന്റെ വെളിച്ചത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിനായി സൂക്ഷിച്ചിരുന്നു. ഉച്ചയ്ക്ക് 1.45 മണിയോടുകൂടി കുളിക്കുന്നതിനായി സ്റ്റേഷനോടു ചേർന്നുള്ള കുളിമുറിയിൽ കൊണ്ടുപോയപ്പോൾ ബാഗിലുണ്ടായിരുന്ന കേരഫെഡ്ഡിന്റെ എണ്ണക്കുപ്പികൂടി കയ്യിലെടുത്ത് കുളിമുറിയിൽ കയറി കതകടച്ചു. അല്പ സമയം കഴിഞ്ഞപ്പോൾ കുളിമുറിക്കകത്ത് ബാലകൃഷ്ണന് അസ്വാസ്ത്യത അനുഭവപ്പെടുന്നതായി മനസ്സിലാക്കി അദ്ദേഹത്തെ താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കായി ഉച്ചയ്ക്ക് 2 മണിയോടുകൂടി കൊണ്ടുപോയി. എണ്ണക്കുപ്പിയിൽ ഉണ്ടായിരുന്നത് ടിക്-20 എന്ന വിഷ ദ്രാവകമാണെന്നും അത് താൻ കഴിച്ചുവെന്നും ബാലകൃഷ്ണൻ പറഞ്ഞു. ചികിത്സയിലായിരുന്ന ബാലകൃഷ്ണൻ വൈകിട്ട് 4 മണിയോടുകൂടി മരണമടഞ്ഞ വിവരം ജില്ലാ കളക്ടറേയും കൊല്ലം ആർ.ഡി.ഒ.യേയും അറിയിച്ചു. മൃതദേഹം കരുനാഗപ്പള്ളി താലൂക്കാശുപത്രി മോർച്ചറിയിൽ സൂക്ഷിക്കുകയും 12.6.2002-ന് കൊല്ലം ആർ.ഡി.ഒ. പ്രേത പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം പോസ്റ്റുമോർട്ടം നടത്താനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്തു. ബാലകൃഷ്ണൻ മരിക്കാനിടയായ സാഹചര്യത്തെപ്പറ്റി അന്വേഷിച്ച് മൂന്നു ദിവസത്തിനകം റിപ്പോർട്ട് നൽകുന്നതിനായി കൊല്ലം ക്രൈം ഡിറ്റാച്ചുമെന്റ് ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണത്തിൽ മരിച്ച ബാലകൃഷ്ണൻ ചവറ തെക്കുംഭാഗം പോലീസ് സ്റ്റേഷനുകളിൽ രണ്ടും ശാസ്താംകോട്ട പോലീസ് സ്റ്റേഷനിൽ ഒന്നും, വെൺമണി പോലീസ് സ്റ്റേഷനിൽ നാലും പന്തളം പോലീസ് സ്റ്റേഷനിൽ മൂന്നും ഓച്ചിറ, നൂറനാട്, മാന്നാർ പോലീസ് സ്റ്റേഷനുകളിൽ ഓരോന്നും വീതം മോഷണക്കേസുകളിൽ പ്രതിയായി ശിക്ഷ അനുഭവിച്ചിട്ടുണ്ട്. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട വിഷയമാണെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല.

ശ്രീ. ടി. കെ. ദേവകുമാർ: ഈ ഗവൺമെന്റിന്റെ കഴിഞ്ഞ 12 മാസത്തെ ഭരണത്തിനിടയ്ക്ക് ലോക്കപ്പിൽവച്ച് മരിക്കുന്ന 11-ാമത്തെ ആളാണ് ബാലകൃഷ്ണൻ. ബസ് സ്റ്റാന്റിനു സമീപത്തുനിന്ന് തിങ്കളാഴ്ച രാത്രി 8.00 മണിക്ക് ബാലകൃഷ്ണൻ എന്ന ആളിനെ സംശയകരമായ സാഹചര്യത്തിൽ കസ്റ്റഡിയിൽ എടുത്തുവെന്നാണ് പോലീസിന്റെ വിശദീകരണം. കരുനാഗപ്പള്ളി ബസ് സ്റ്റാന്റിനു സമീപമുള്ള ചന്ദ്രാ ലോഡ്ജിൽ മുറിയെടുത്തു താമസിച്ചിരുന്ന ബാലകൃഷ്ണനെ തിങ്കളാഴ്ച രാവിലെ പത്തു മണിക്ക് കസ്റ്റഡിയിൽ എടുത്തു.

ചോദ്യം ചെയ്യലിൽ അഞ്ചു മോഷണക്കേസുകളിൽ പ്രതിയാണെന്നു കണ്ടെത്തി. പ്രതികളെ ലോക്കപ്പിലിട്ടു തല്ലുന്നതു ശരിയല്ല. കസ്റ്റഡിയിലെടുത്ത ബാലകൃഷ്ണന്റെ കൈയിലുണ്ടായിരുന്ന ബാഗും സാധനങ്ങളും രജിസ്റ്റർ ചെയ്തിട്ടില്ല. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ.എ.എൻ.രാജൻ ബാബു: കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലാണ് ഈ സംഭവം നടന്നത്. മരിച്ച ബാലകൃഷ്ണൻ നിരവധി മോഷണക്കേസുകളിലെ പ്രതിയാണ്. ബാലകൃഷ്ണന്റെ മരണവിവരം അറിയിച്ചിട്ടും ശവം ഏറ്റുവാങ്ങാൻ അദ്ദേഹത്തിന്റെ സഹോദരൻ തയ്യാറായില്ല.

മുഖ്യമന്ത്രി (ശ്രീ.എ.കെ. ആന്റണി): നിരവധി മോഷണക്കേസുകളിൽ പ്രതിയായ മരിച്ച ബാലകൃഷ്ണനെപ്പറ്റിയുള്ള നാട്ടുകാരുടെ അഭിപ്രായം ലോക്കൽ എം.എൽ.എ. പറഞ്ഞുകഴിഞ്ഞു. കള്ളനായാലും കൊള്ളക്കാരനായാലും മർദ്ദിച്ചുകൊല്ലാൻ പോലീസിനെ അനുവദിക്കുകയില്ല. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് മൂന്നു ദിവസത്തിനകം റിപ്പോർട്ട് തരാൻ ക്രൈം ഡിറ്റാച്ചുമെന്റ് ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ട് കിട്ടുമ്പോൾ അതും പരിശോധിക്കാം.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

## ശ്രദ്ധക്ഷണിക്കൽ

### (1) മലപ്പുറം ജില്ലയിലെ യൂറോസ്പിൻ ഇൻഡസ്ട്രീസ് അടച്ചുപൂട്ടുന്ന നടപടി പുന:പരിശോധിക്കേണ്ടതിന്റെ ആവശ്യകത:

ശ്രീ. ബിനോയ് വിശ്വം: മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമായ യൂറോസ്പിൻ ഇൻഡസ്ട്രീസ് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഈ സ്ഥാപനം അടച്ചുപൂട്ടാൻ അനുവാദം നൽകിക്കൊണ്ട് ലേബർ സെക്രട്ടറി ഉത്തരവ് കൊടുത്തിരിക്കുന്നു. ഒരു നയം മാറ്റത്തിന്റെ ഭാഗമായിട്ടേ ഇതിനെ കാണാൻ കഴിയൂ. കേരളത്തിലെ വ്യവസായരംഗം ഒരു ശവപ്പറമ്പായി മാറാൻ പോകുകയാണ്. ആ സ്ഥാപനത്തിൽ പണി ചെയ്തിരുന്ന രണ്ടു തൊഴിലാളികൾ പട്ടിണി കിടന്ന് മരിച്ചു. മറ്റു തൊഴിലാളികൾ ദു:ഖങ്ങൾ സഹിച്ചു കഴിയുന്നു. ഈ കമ്പനി കേരള വൈദ്യുതി ബോർഡിന് 3,36,37,114 രൂപ കൊടുക്കാനുണ്ട്. യൂറോസ്പിൻ കമ്പനി അടച്ചുപൂട്ടാൻ അനുവാദം നൽകിക്കൊണ്ടുള്ള ലേബർ സെക്രട്ടറിയുടെ ഉത്തരവ് പുന:പരിശോധിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ നിയമാനുസൃതമായി പാലിച്ചുകൊണ്ടാണ് യൂറോസ്പിൻ ഇൻഡസ്ട്രീസ് അടച്ചുപൂട്ടാൻ ഗവണ്മെന്റ് അനുമതി നൽകിയത്. കഴിഞ്ഞ പത്ത് വർഷമായി ഭീമമായ നഷ്ടത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിരവധി ചർച്ചകൾ നടത്തിയെങ്കിലും പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അവിടെയുള്ള 500 തൊഴിലാളികളിൽ 300 പേരും പിരിഞ്ഞു പോകാൻ തയ്യാറാണെന്ന് രേഖാമൂലം മാനേജ്മെന്റിനെ അറിയിച്ചിട്ടുണ്ട്. ട്രേഡ് യൂണിയനുകളുടേയും മാനേജ്മെന്റിന്റേയും ഭാഗത്തുനിന്ന് സഹകരണാത്മകമായ സമീപനമുണ്ടായാൽ വീണ്ടും ചർച്ച നടത്തി അത് തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുമോ എന്നു പരിശോധിക്കാം.

(2) കർഷകർക്ക് ആശ്വാസം നൽകുന്നതിന് ഗവണ്മെന്റ് പ്രഖ്യാപിച്ച പാക്കേജ്

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ഗവണ്മെന്റ് പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവിൽ ചില അപാകതകളുള്ളതിനാൽ അത് തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 62 എം.എൽ.എ.മാർ ഒപ്പിട്ട ഒരു നിവേദനം ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. കാപ്പി, കുരുമുളക് കർഷകർക്ക് മാത്രമായി അനുവദിച്ചിരിക്കുന്ന ഈ ആനുകൂല്യം എല്ലാ കർഷകർക്കും അനുവദിക്കണം. ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഭൂവിസ്തൃതിയുടെ മാനദണ്ഡവും നൽകുന്ന തുകയുടെ കണക്കും ശരിയല്ല. സഹായം നൽകുന്നതിനാവശ്യമായ ഭൂവിസ്തൃതി ഒരു ഹെക്ടർ എന്നുള്ളത് രണ്ട് ഹെക്ടറായി വർദ്ധിപ്പിക്കണം. ഇപ്പോൾ കാപ്പി കർഷകർക്ക് 6 കോടി രൂപയും കുരുമുളക് കർഷകർക്ക് 5 കോടി രൂപയും സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആ കണക്കനുസരിച്ച് ഒരു കർഷകന് ആയിരം രൂപയ്ക്ക് മുകളിൽ കിട്ടേണ്ട സ്ഥാനത്ത് ഈ ഉത്തരവ് പ്രകാരം 100 രൂപ മാത്രമാണ് ലഭിക്കുന്നത്. ബന്ധപ്പെട്ടവരുമായി ആലോചിച്ച് ഈ അപാകതകൾ തിരുത്തിക്കൊണ്ട് ആനുകൂല്യങ്ങൾ ഉടൻതന്നെ വിതരണം ചെയ്യണം. അതിനാവശ്യമായ തുക കൃഷിവകുപ്പിന് ലഭ്യമാക്കണം.

***Ìrjnbpw Ìbdpw hÌp¸pa{´n ({ioaXn sÌ.BÀ. Kucnb½) : Hcp slÌvSÀ hoXw Ìrjnbpff Ìm¸n, ÌpcpapfÌv ÌÀjÌÀ¡v 500 cq] hoXw hnXcWw sN¿m³ Xocpam\n¨psh¦nepw XpÌ Ìn«m XpsÌm***ണ്ട് ഒരു പൈസ പോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടു ഹെക്ടർ വരെ ഭൂമിയുള്ള എല്ലാ കർഷകർക്കും സഹായം നൽകണമെന്ന ഇപ്പോഴത്തെ ആവശ്യം തുക വീതിക്കുമ്പോൾ അധികമുണ്ടെങ്കിൽ പരിശോധിക്കാം. തുക ലഭ്യമായാൽ ഉടനെ വിതരണം ചെയ്യുന്നതാണ്.

# സബ്മിഷൻസ്

1. സംസ്ഥാന തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പുന:സംഘടന

ശ്രീമതി മേഴ്സി രവി: നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന 16 ലക്ഷത്തോളം തൊഴിലാളികളിൽ 9 ലക്ഷത്തോളം പേർ രജിസ്റ്റർ ചെയ്തിട്ടുള്ള ഒന്നാണ് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്. കഴിഞ്ഞ വർഷംതന്നെ കാലാവധി കഴിഞ്ഞു താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത ബോർഡ് നിയമവിരുദ്ധമായ കാര്യങ്ങളാണ് ചെയ്തുവരുന്നത്. അംശദായം ഒരു വർഷമായി കുടിശ്ശികയായതിനാൽ തൊഴിലാളികൾക്ക് അതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. സെസ്സ് പിരിവ് നടക്കുന്നില്ല. അൻപത് വയസ്സ് കഴിഞ്ഞവരെ വൻതോതിൽ അംഗങ്ങളായി ചേർത്തുവരികയാണ്. അടിയന്തിരമായി ബോർഡ് പുന:സംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.ബാബു ദിവാകരൻ): 2001 ഒക്ടോബറിൽ കാലാവധി പൂർത്തിയായ ബോർഡാണ് അവിടെ പ്രവർത്തിച്ചുവരുന്നതെങ്കിലും പുതിയ ബോർഡ് നിലവിൽ വരുന്നതുവരെ അധികാരത്തിൽ തുടരുന്നതിന് അവർക്ക് നിയമപരമായി അവകാശമുണ്ട്. തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ സഹകരണ ബാങ്കുകൾ സഹകരിക്കാത്തതുമൂലം സെസ്സ് കളക്ഷൻ നടക്കുന്നില്ല. അത് പരിഹരിക്കുന്നതിന് ബദൽ സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ട്. ബാക്കി ജില്ലകളിൽ സെസ്സ് കളക്ഷൻ നടക്കുന്നുണ്ട്. ഭൂരിഭാഗം പേരും 50 വയസ്സിനുശേഷമാണ് അംഗത്വത്തിനായി അപേക്ഷിച്ചുകാണുന്നത്. ആ പ്രവണത നിരുത്സാഹപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിലാളികൾക്ക് കൊടുക്കാനുള്ള എല്ലാ ആനുകൂല്യങ്ങളും രണ്ടു മാസത്തിനകം കൊടുത്തു തീർക്കുന്നതിനും ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

2. നിയമന നിയന്ത്രണത്തിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിഭാഗങ്ങളെ ഒഴിവാക്കുക

ശ്രീ.കെ.രാധകൃഷ്ണൻ: സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിയമന നിരോധനം ഏർപ്പെടുത്തിയപ്പോൾ വികലാംഗർ, ആശ്രിതർ, കായിക താരങ്ങൾ എന്നിവരെ അതിൽനിന്നും ഒഴിവാക്കിയിരുന്നു. അതുപോലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെക്കൂടി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): നിയമന നിരോധനത്തിൽ നിന്നും കായിക താരങ്ങളേയും വികലാംഗരേയും ആശ്രിതരേയും ഒഴിവാക്കിക്കൊണ്ട് 16.5.2002-ൽ ഉത്തരവ്

പുറപ്പെടുവിച്ചിരുന്നു. അതുപോലെ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളെ ഒഴിവാക്കിക്കൊണ്ട് 11.6.2002–ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(3) കോഴിക്കോട് കടലാക്രമണത്തെ ചെറുക്കാൻ നടപടി

ശ്രീ. എ. സുജനപാൽ: കടലാക്രമണം മൂലം കോഴിക്കോട് കടൽത്തീരം നശിച്ചു കൊണ്ടിരിക്കുകയാണ്. ശാസ്ത്രീയമായ പഠനങ്ങൾ നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ കോഴിക്കോട് ബീച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.ടി.എം. ജേക്കബ്): ഇരുപത്തഞ്ചു വർഷത്തിനുശേഷം കോഴിക്കോട് ബീച്ചിൽ ആദ്യമായിട്ടാണ് ഇത്രയും രൂക്ഷമായി കടലാക്രമണം ഉണ്ടാകുന്നത്. 120 മീറ്റർ നീളത്തിൽ കരിങ്കല്ല് ഭിത്തി നിർമ്മിക്കുന്നതിനും കോർവാൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൊത്തം 750 മീറ്റർ നീളത്തിൽ ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. പീച്ചി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും കേന്ദ്ര പ്ളാനിംഗ് കമ്മീഷന്റേയും മറ്റ് ചില ഉന്നത ഏജൻസികളുടേയും നിർദ്ദേശങ്ങളനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(4) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കൽ

ശ്രീ. ടി.കെ. ദേവകുമാർ: ഇന്നലെയും ഇന്നുമായി ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ തീരപ്രദേശങ്ങൾ വളരെ ഗുരുതരമായ കടൽക്ഷോഭ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അവിടെ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സമർപ്പിച്ചിരിക്കുന്ന പ്രോജക്ടിന് അനുവാദം നൽകി അവിടെ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ വർഷത്തെ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് കാർത്തികപ്പള്ളി താലൂക്കിന് അനുവദിച്ച 8 ലക്ഷം രൂപ പിൻവലിക്കാനുള്ള സാങ്കേതിക തടസ്സം ഒഴിവാക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം മാണി) : ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ 15 വീടുകൾ പൂർണ്ണമായും തകർന്നു. അതിൽ സ്വന്തമായി ഭൂമിയുള്ള മൂന്നു പേർക്ക് 15000 രൂപ വീതം അനുവദിക്കുകയും ആദ്യ ഗഡുവായിട്ട് 5000 രൂപ വീതം കൊടുക്കുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് വച്ചു കൊടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിട്ട് ആലോചിച്ച് ഭൂമി കിട്ടുന്ന മുറയ്ക്ക് വീടു വയ്ക്കുന്നതിന് തുക നൽകുന്നതുമാണ്. കാർത്തികപ്പള്ളി താലൂക്കിൽ 289 വീടുകൾക്ക്

ഭാഗികമായി കേടുപാടുകൾ സംഭവിച്ചു. ഇതിനു വേണ്ടി 57,750 രൂപ അനുവദിച്ചതിൽ 27750 രൂപ വിതരണം ചെയ്തു.

(5) <u>കല്ലട പദ്ധതിയുടെ പൂർത്തീകരണം</u>

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :</u> 1963-ൽ തുടക്കം കുറിച്ച കല്ലട പദ്ധതി ഇപ്പോൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇനിയും ഒന്നര ലക്ഷം ഏക്കർ സ്ഥലത്തേയ്ക്കുകൂടി വെള്ളം എത്തിച്ചു കൊടുക്കാൻ കഴിയുന്ന ഒരു പദ്ധതിയായിരുന്നു ഇത്. ഇതിൽ പണി പൂർത്തിയാകാതെ കിടക്കുന്ന കൂടുതൽ ഭാഗങ്ങളും സ്ഥിതി ചെയ്യുന്നത് ചാത്തന്നൂർ നിയോജക മണ്ഡലത്തിലാണ്. ഇതിന് 10 കോടി രൂപയാണ് ചെലവ് വരുന്നത്. ഈ പദ്ധതി നിർത്തിവയ്ക്കുന്നതു മൂലം കേന്ദ്രത്തിന്റെ ആക്സിലിയറി ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം പ്രകാരം 44 കോടി രൂപയുടെ സെൻട്രൽ ഫണ്ട് നഷ്ടപ്പെട്ടിരിക്കുയാണ്. ഈ ഫണ്ട് കേന്ദ്രത്തിൽ നിന്നും നേടിയെടുക്കുന്നതിന് ശ്രമിക്കണം. സ്കീമുമായി ബന്ധപ്പെട്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കണം.

ജലവിഭവ വകുപ്പു മന്ത്രി (<u>ശ്രീ. ടി.എം. ജേക്കബ്</u>) : കല്ലട ജലസേചന പദ്ധതി കഴിഞ്ഞ മാർച്ച് 31-ാം തീയതി അവസാനിപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനം നിർമ്മിച്ച കനാലുകളിൽക്കൂടി കൃഷിക്കാർക്ക് വെള്ളം എത്തിച്ചു കൊടുക്കുക എന്നുള്ളതാണ്. ഇനി നിർമ്മിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കനാലുകലുടെ നിർമ്മാണം വേണ്ടെന്ന് വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിലെ പൂർത്തിയാക്കാത്ത ഏഴ് ചെറിയ കനാലുകളുടെ പണി പൂർത്തിയാക്കും. പൂർത്തിയായിട്ടുള്ള ആറ് ഡിസ്ട്രിബ്യൂട്ടറികളിൽക്കൂടി മുടങ്ങാതെ വെള്ളം കൊടുക്കുന്നതിന് നടപടി സ്വീകരിക്കാം. വെട്ടിയിട്ടിട്ടുള്ള കനാലുകളിൽക്കൂടി ഈ വർഷാവസാനത്തോടുകൂടി കൃത്യമായിട്ട് വെള്ളം കൊടുക്കാം.

(6) <u>കവുങ്ങ് കൃഷിക്കാർക്ക് പ്രഖ്യാപിച്ച ആനുകൂല്യം നൽകുന്നതു സംബന്ധിച്ച്</u>

<u>ശ്രീ.കെ.പി. സതീശ് ചന്ദ്രൻ:</u> വിലയിടിവ് കാരണം കവുങ്ങ് കൃഷിക്കാർക്ക് കിലോഗ്രാമിന് 10 രൂപ വച്ച് സബ്സിഡി നൽകുമെന്നുള്ള പ്രഖ്യാപനം അടിയന്തിരമായി നടപ്പിലാക്കണം.

കൃഷിയും കയറും വകുപ്പു മന്ത്രി (ശ്രീമതി കെ ആർ ഗൗരിയമ്മ) : ഈ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് 'കാംകോ' യെ പ്രൊക്യുയറിങ്ങ് ഏജൻസിയായി നിയമിക്കുകയും 50 ലക്ഷം രൂപ അവർക്ക് അഡ്വാൻസായി കൊടുക്കുകയും ചെയ്തിരുന്നു. പക്ഷേ 2 കോടി രൂപ അവർക്ക് വേണമെന്ന് നിർബ്ബന്ധം പിടിച്ചതിന്റെ അടിസ്ഥാനത്തിൽ ആ തുക കൊടുക്കാൻ കഴിയാതെ വന്നതുകൊണ്ടാണ് ഈ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാതെ വന്നത്. ഈ ആനുകൂല്യം ഈ വർഷം നല്കുന്നതിലേയ്ക്ക് എക്സ്റ്റന്റ് ചെയ്തിട്ടുണ്ട്. പണം കിട്ടുന്ന മുറയ്ക്ക് ഇക്കൊല്ലം ഈ ആനുകൂല്യം കവുങ്ങ് കൃഷിക്കാർക്ക് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാം.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട്:

(2) 2002–ലെ കേരള വനിതാ കമ്മീഷൻ ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്:

(3) 2002 –ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച VIII–ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്:

(4) പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ:

(5) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും *സംബന്ധിച്ച* സമിതിയുടെ ആറാമത് റിപ്പോർട്ട്:

## റിപ്പോർട്ട് പരിഗണന:

മുഖ്യമന്ത്രി (ശ്രീ.എ.കെ.ആന്റണി): കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: ബി.എ.സി.യുടെ എട്ടാമത് റിപ്പോർട്ട് കമ്മിറ്റിക്ക് തിരിച്ചയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നിയമസഭ നിയമനിർമ്മാണ സഭയായിട്ട് മാറണം. നിയമസഭാച്ചട്ടത്തിൽ നിയമനിർമ്മാണത്തിനാണ് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്. ബി.എ.സി. റിപ്പോർട്ടിൽ ജൂൺ 18-നകം ഓർഡിനൻസുകൾക്ക് പകരമുള്ള നാല് പ്രധാനപ്പെട്ട ബില്ലുകൾ പാസ്സാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. നിയമസഭ ആരംഭിച്ച് 42 ദിവസങ്ങൾക്കകം ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ പാസ്സാക്കിയാൽ മതി എന്നാണ് വ്യവസ്ഥ. നിയമനിർമ്മാണ കാര്യങ്ങളിൽ ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. ഇതിന്റെ ഫലമായിട്ടാണ് ഓർഡിനൻസുകൾ പലതും ലാപ്സാകുന്നത്. വളരെ പ്രധാനപ്പെട്ട ബില്ലുകൾ ധൃതിപിടിച്ച് പാസ്സാക്കുന്നത് ശരിയല്ല. ഇന്നലത്തെ കാര്യവിവരപ്പട്ടികയിൽ വളരെ പ്രധാനപ്പെട്ട 4 ബില്ലുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇന്നലെ രണ്ട് ബില്ലുകളാണ് പാസ്സാക്കിയത്. സമയം നിയന്ത്രിക്കുന്നതുകൊണ്ട് അംഗങ്ങൾക്ക് ബില്ലിന്റെ നാനാവിധ ദോഷങ്ങളെക്കുറിച്ച് സംസാരിക്കാൻ സമയം കിട്ടുന്നില്ല. കഴിഞ്ഞ 13 മാസത്തിനിടയിൽ 55 ദിവസം മാത്രമാണ് നിയമസഭ സമ്മേളിച്ചത്. ഗവൺമെന്റിന് ഇനി ബിസിനസ്സ് ഒന്നുമില്ലെന്നു പറഞ്ഞ് സഭ പിരിഞ്ഞതിനുശേഷം സഹകരണസംഘം (ഭേദഗതി) ബിൽ മേയ് മാസം 4-ാം തീയതി ഓർഡിനൻസായി പുറപ്പെടുവിച്ചു. നിയമസഭാ സമ്മേളനം കൂടാൻ ക്യാബിനറ്റ് തീരുമാനിച്ച സമയത്താണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഇപ്പോൾ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ട യാതൊരു സാഹചര്യവുമില്ലായിരുന്നു. ഈ സഭയിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കാമായിരുന്നു. ബില്ലിനെക്കുറിച്ചുള്ള ചർച്ചയേ വേണ്ട, എത്രയും വേഗം പാസ്സാക്കിയെടുക്കണമെന്നുള്ള ഗവൺമെന്റിന്റെ സമീപനം കൊണ്ടാണ് ബി.എ.സി.യിൽ യോജിച്ച നിലപാട് എടുക്കാൻ സാധിക്കാതെ വന്നത്. അതുകൊണ്ട് ഈ റിപ്പോർട്ട് വീണ്ടും ബി.എ.സി.ക്ക് തിരിച്ച് അയച്ച് പ്രതിപക്ഷത്തിനും ഭരണകക്ഷിക്കും അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള അവസരമുണ്ടാക്കണം.

പ്രതിപക്ഷനേതാവ് <u>(ശ്രീ.വി.എസ്സ്.അച്ചുതാനന്ദൻ):</u> ബി.എ.സി.യിലെ ഭിന്നാഭിപ്രായവും ഈ ചർച്ചയും വോട്ടെടുപ്പുമൊക്കെ ഒഴിവാക്കാൻ കഴിയുമായിരുന്നു. ഇതിനെക്കുറിച്ചെല്ലാം ശ്രീ.കോടിയേരി ബാലകൃഷ്ണൻ ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. രണ്ട് ദിവസം നാല് ബില്ലുകൾ ചർച്ച ചെയ്യുകയെന്ന ഗവൺമെന്റിന്റെ സമീപനം അംഗങ്ങൾക്ക് സജീവമായി ചർച്ചയിൽ പങ്കെടുക്കാനുള്ള അവസരം ബോധപൂർവം നിഷേധിക്കലാണ്. ഓർഡിനൻസ് പുറപ്പെടുവിച്ചുപോയി, അതുകൊണ്ട് അത് ലാപ്സാകുന്നതിനുമുമ്പ് പാസ്സാക്കിയെടുക്കണമെന്നാണ് ബി.എ.സി.യിൽ ആവർത്തിച്ച് പറഞ്ഞത്. ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ അതിന്റെ കാലാവധി തീരുകയാണെങ്കിൽ ഇവിടെ സർക്കാരും ബന്ധപ്പെട്ട മന്ത്രിയുമുണ്ട്. വീണ്ടും അത് പ്രസിദ്ധീകരിച്ച് പാസ്സാക്കാനുള്ള എല്ലാ സൗകര്യവുമുണ്ട്. പക്ഷേ, പ്രതിപക്ഷത്തിന്റെ അവസരം നിഷേധിക്കപ്പെട്ടാൽ അത് കോംപൻസേറ്റ് ചെയ്യാൻ കഴിയുകയില്ല. ആ നിലയിലുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കരുത്. യു.ഡി.എഫ്. കഴിഞ്ഞ അഞ്ചു കൊല്ലം അനുഭവിച്ച ന്യായമായ

ആനുകൂല്യങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തിന് നിഷേധിക്കുന്ന നിലപാട് അവസാനിപ്പിക്കണം. പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ മാനിക്കാൻ തയ്യാറാകാത്തതിനാലാണ് ഇത്തരമൊരു നിലപാട് എടുക്കേണ്ടിവന്നത്. ഈ റിപ്പോർട്ട് പുനഃപരിശോധനയ്ക്കായി കാര്യോപദേശക സമിതിക്ക് തിരിച്ചയയ്ക്കണം.

റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി): ഓർഡിനൻസ് ലാപ്സായാൽ വീണ്ടും കൊണ്ടുവരാമെന്നുള്ള പ്രതിപക്ഷത്തിന്റെ വാദം ശരിയല്ല. ഓർഡിനൻസുകൾ ലാഘവത്തോടെ കൈകാര്യം ചെയ്യാവുന്നതല്ല. ഒരു ഗവൺമെന്റിനും അത് അനുവദിക്കാൻ കഴിയുകയില്ല. ഓർഡിനൻസ് ലാപ്സാക്കുകയെന്നത് ഭരണഘടനാപരമായി ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലയുടെ ലംഘനമാണ്. ഉത്തമവിശ്വാസത്തോടുകൂടി കൊണ്ടുവരുന്ന ഓർഡിനൻസുകൾ റീപ്ളേസ് ചെയ്യുക എന്നത് പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റിന്റെ കടമയാണ്. അതുകൊണ്ട് ഈ ബില്ലുകൾ പാസ്സാക്കണം. ഈ നാല് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് റിപ്പോർട്ട് ചെയ്തുവരുമ്പോൾ നാലു ദിവസം ലഭിക്കും. കാര്യോപദേശക സമിതിയിൽ ഉണ്ടായ ധാരണ അനുസരിച്ച് ഉച്ചയ്ക്കു ശേഷം 1.30–ന് ചർച്ച പൂർത്തിയാകുന്നില്ലായെങ്കിൽ എത്രസമയം വേണമെങ്കിലും ഇരിക്കാമെന്നാണ്. ബില്ലിന്റെ ചർച്ചയ്ക്കു ലഭിക്കുന്ന അവസരം ഉപയോഗിച്ച് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതു ശരിയല്ല. ഗവൺമെന്റിന് ആറാഴ്ചയ്ക്കകം ഓർഡിനൻസുകൾ റീപ്ളേസ് ചെയ്യേണ്ടതുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: മെമ്പർമാർക്ക് സഭയിൽ കൂടുതൽ ചർച്ചയ്ക്കുള്ള അവസരം നൽകണമന്ന പ്രതിപക്ഷത്തിന്റെ ആവശ്യത്തോട് യോജിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ലഭിച്ചിരുന്നതിനെക്കാൾ കൂടുതൽ അവസരങ്ങൾ ഇന്നത്തെ പ്രതിപക്ഷത്തിന് ലഭിക്കുന്നുണ്ട്. 2002–ലെ അടിസ്ഥാനസൗകര്യ നിക്ഷേപനിധി ബിൽ ഒരു ഓർഡിനൻസായിട്ടാണ് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നത്. ആ ബിൽ പരിമിതമായ ചർച്ചയിലൂടെയാണ് അന്ന് പാസ്സാക്കിയതെന്നുള്ള കാര്യം വിസ്മരിക്കരുത്. ഓർഡിനൻസുകൾ റീപ്രൊമുൽഗേറ്റ് ചെയ്യുന്നതിനെതിരായി മുൻകാലങ്ങളിൽ സംസാരിച്ച ഇടതുപക്ഷം ഇന്ന് അതിനെ അനുകൂലിക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്. നിയമസഭാ നടപടി ചട്ടം 175 പ്രകാരം സഭയുടെ രഹസ്യയോഗം ചേരാമെന്നിരിക്കെ ട്രാൻസ്പേരൻസി വേണമെന്നുള്ള പ്രതിപക്ഷവാദം ശരിയല്ല. സ്പീക്കറുടെ നടപടിയെ സുപ്രീംകോടതി പോലും ചോദ്യം ചെയ്യാറില്ല.

ശ്രീ. എം. വി. ജയരാജൻ: നിയമ നിർമ്മാണത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അംഗങ്ങൾക്ക് മതിയായ സമയം ലഭിക്കണം. കഴിഞ്ഞ നിയമസഭയിൽ ശ്രീ.ടി.എം.ജേക്കബ് ഇതിനുവേണ്ടി വാദിക്കുകയും ബി.എ.സി. റിപ്പോർട്ടിൻമേൽ വിയോജിപ്പ് രേഖപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. സുപ്രധാനമായ നിയമ ഭേദഗതി ആയതുകൊണ്ട് അംഗങ്ങൾക്ക് ബില്ലിനെക്കുറിച്ച് പഠിച്ച് ചർച്ച ചെയ്യാൻ മതിയായ സമയം ലഭിക്കണം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകപ്പുമന്ത്രി (ശ്രീ.എം.എം.ഹസ്സൻ): പ്രതിപക്ഷനേതാവ് ബി.എ.സി.യിൽ ചർച്ചയ്ക്ക് നാലു ദിവസം വേണമന്ന് ആവശ്യപ്പെട്ടതനുസരിച്ച് ചർച്ചയ്ക്ക് ആവശ്യമായ സമയം ഗവൺമെന്റ് അനുവദിച്ചു. ആവശ്യമെങ്കിൽ ജൂൺ 13-നും 18-നും ഉച്ചയ്ക്കുശേഷവും സഭ ചേരാമെന്ന് സമ്മതിച്ചു. എന്നിട്ടും സമയം അനുവദിക്കുന്നില്ല, ചർച്ച പ്രഹസനമാക്കുന്നു, നിയമസഭയെ റബ്ബർ സ്റ്റാമ്പാക്കുന്നു എന്നൊക്കെ പറയുന്നത് ശരിയല്ല. നിയമസഭയുടെ പൂർണ്ണമായ വിശ്വാസ്യത നിലനിർത്തിക്കൊണ്ട് അംഗങ്ങൾക്ക് ആവശ്യമായ സമയം അനുവദിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഈ ഗവൺമെന്റ് എതിരല്ല.

മി. സ്പീക്കർ: ഞാൻ സ്പീക്കറായി വന്ന അന്നു മുതൽ ബില്ലുകളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിന് അംഗങ്ങൾക്ക് അവസരം കൊടുക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും മുഖ്യമന്ത്രി അത് അംഗീകരിക്കുകയും ചെയ്തു. ഇതിനുമുമ്പ് നടന്ന നിയമസഭാ സമ്മേളനത്തിൽ ചില ദിവസങ്ങളിൽ സമാധാനപരമായി സഭ കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഇപ്പോൾ രണ്ടു മാസം നിയമസഭ സമ്മേളിക്കാൻ തീരുമാനിച്ചത് ബില്ലുകളെല്ലാം വിശദമായ ചർച്ചയ്ക്കുശേഷം പാസ്സാക്കണമെന്നുള്ളതുകൊണ്ടാണ്.
ഓർഡിനൻസിന്റെ പ്രശ്നം വന്നപ്പോൾ ഈ നാല് ഓർഡിനൻസുകളും റിപ്ളേസ് ചെയ്യണം. അതേ സമയം ബഡ്ജറ്റും പാസ്സാക്കണം. 24-ാം തീയതി വിശദമായ ചർച്ച തുടങ്ങിയെങ്കിൽ മാത്രമേ ജൂലൈ 30-നുമുമ്പ് അത് പാസ്സാക്കി ഗവർണ്ണറുടെ അസ്സന്റ് വാങ്ങാൻ കഴിയൂ. അത് പോസ്റ്റുപോൺ ചെയ്യാൻ സാധിക്കുകയില്ല.; ഓർഡിനൻസ് ലാപ്സാകാനും പാടില്ല. ബി.എ.സി.യിൽ ഇക്കാര്യം ചർച്ച ചെയ്തപ്പോഴാണ് രണ്ടു ദിവസം ഇവിടെ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് വിടാനും 2 ദിവസം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ ചർച്ച ചെയ്യാനും തീരുമാനിച്ചത്. ആവശ്യാനുസരണം ചർച്ച ചെയ്യണമെന്ന് പറഞ്ഞതുകൊണ്ടാണ് ഉച്ചയ്ക്കുശേഷം എത്ര സമയം വേണമെങ്കിലും ചർച്ച ചെയ്യാമെന്ന കോംപ്രമൈസിൽ എത്തിയത്. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ചർച്ച തീർന്നില്ലെങ്കിൽ ഇന്ന് 1.30-ന് പിരിഞ്ഞശേഷം 3.30 മുതൽ ചർച്ച ചെയ്യാൻ അവസരം കൊടുക്കാമെന്നുള്ളതാണ് തീരുമാനം. അതുപോലെ ജൂൺ 18-ാം തീയതി ചർച്ച 1.30-ന് തീർന്നില്ലെങ്കിൽ അന്നും ഉച്ചയ്ക്കുശേഷം ചർച്ച ചെയ്ത് പാസ്സാകുന്നതുവരെ ഇരിക്കാം. അതുകൊണ്ട് അങ്ങനെ ഒരു തീരുമാനമെടുക്കാം.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി 31-ന് എതിരെ 86 വോട്ടുകളോടെ നിരാകരിക്കപ്പെട്ടു.

കാര്യോപദേശക സമിതിയുടെ 8–ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## നിയമനിർമ്മാണകാര്യം

### കേന്ദ്രഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ബിൽ അവതരിപ്പിക്കുന്നതു സംബന്ധിച്ച്

ശ്രീ. മത്തായി ചാക്കോ: 2002 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഏതെല്ലാം മേഖലകളിലാണ് ചെലവ് വരുന്നത് എന്നതിനെപ്പറ്റി ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടില്ല. സെൻട്രൽ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ഈ ബിൽ അവതരിപ്പിക്കുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. സംസ്ഥാന ഗവൺമെന്റിന് കടമെടുക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. ആ പരിധിക്കപ്പുറം ഗവൺമെന്റ് പോയിട്ടുണ്ടോയെന്നുള്ള കാര്യം കൂടി പരിശോധിച്ചതിനുശേഷം മാത്രമേ ഈ ബിൽ അവതരിപ്പിക്കുവാൻ പാടുള്ളൂ .

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് ഏക്സപെൻഡിച്ചർ ഇതിൽ വരുന്നില്ല. 1999 ലെ ഓർഡിനൻസ് നിയമമായിട്ടുണ്ട്. ആ നിയമവും ബോർഡും ഇപ്പോൾ നിലവിലുണ്ട്, നിലവിലുള്ള നിയമത്തിനുള്ള ഭേദഗതിയാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്.

Mr.Speaker: The Bill is in order.

### 2002–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): 2002–ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി(ശ്രീ.കെ.ശങ്കരനാരായണൻ): 2002-ലെ കേരള അടിസ്ഥാന സൗകര്യനിക്ഷേപ നിധി (ഭേദഗതി) ബിൽ സാംപത്തിക കാര്യങ്ങൾ സംബന്ധിച്ച എട്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.മത്തായി ചാക്കോ: Sir, I move that "This House resolves to disapprove The Kerala Infrastructure Investment Fund (Amendment) Ordinance – 2002 (Ordinance No.3 of 2002)". അടിസ്ഥാന സൗകര്യ നിക്ഷേപം 500 കോടി രൂപയിൽനിന്നും ആയിരം കോടി രൂപയാക്കി വർദ്ധിപ്പിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ വർദ്ധിപ്പിച്ച ഫണ്ട് സമാഹരിക്കുന്ന അവസരത്തിൽ നേരത്തേ അനുവദിച്ചിരുന്ന തുക എങ്ങനെ പ്രയോജനപ്പെടുത്തി എന്ന് പരിശോധിക്കേണ്ടതാണ്. കേരളത്തിന്റെ സംപദ്ഘടനയുടെ സമുലവികസനത്തിനുതകുന്ന വിധത്തിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തുക കണ്ടെത്തുക എന്നതായിരുന്നു മൂലനിയമംകൊണ്ട് ഉദ്ദശിച്ചിരുന്നതെങ്കിലും അതിന് വിരുദ്ധമായ സമീപനമാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. ആഗോളവൽക്കരണ സാംപത്തികസ്ഥിതിയുമായി ബന്ധപ്പെടുത്തി പല സേവനമേഖലകളിൽ നിന്നും ഗവൺമെന്റിന്റെ മൂലധനം പിൻവലിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി, വിദ്യാഭ്യാസം ആരോഗ്യം, സാമൂഹ്യക്ഷേമം, മുനിസിപ്പൽ സർവ്വീസ് തുടങ്ങിയ മേഖലകളിൽ നിന്നെല്ലാം ഗവൺമെന്റിനുള്ള മൂലധനനിക്ഷേപം പിൻവലിച്ചുകൊണ്ടിരിക്കുന്നു; ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുന്നു. ഇത്തരത്തിൽ സ്വകാര്യസംരംഭകർക്ക് ആ മേഖലകളിൽ കടന്നുവരാൻ വഴിയൊരുക്കുന്നു. എ. ഡി. ബി. യും കേന്ദ്രഗവണ്മെന്റും മറ്റ് ആഗോള ഏജൻസികളും പറയുന്നതനുസരിച്ചു സമസ്ത മേഖലകളും സ്വകാര്യവൽക്കരിക്കുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുടർന്നു വരുന്ന സാമ്പത്തിക നയങ്ങളുടെ ഫലമായിട്ടാണ് ഗവൺമെന്റ് മുടക്കു മുതൽ മേഖലകളിൽ നിന്നും പൂർണ്ണമായും പിൻവാങ്ങുന്നത്. ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളെപ്പോലും തകർക്കുന്ന സമീപനമാണിത്. കണ്ണൂർ കോഴിക്കോട് ജില്ലകളിലെ 40000 ത്തോളം വരുന്ന *ബീഡിത്തൊഴിലാളികൾ കൊടും പട്ടിണിയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളും പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുമെല്ലാം ബഹുരാഷ്ട്ര കുത്തകകളുടെ കടന്നു കയറ്റത്തോടെ വൻ തകർച്ച നേരിടുകയാണ്. മാവൂർ ഗ്വാളിയർ റയോൺസ് പൂട്ടിയത് തൊഴിൽ കുഴപ്പങ്ങൾ കൊണ്ടായിരുന്നില്ല, മറിച്ച് തെറ്റായ ഇറക്കുമതി നയത്തിന്റെ ഫലമായിട്ടാണ്. അടിസ്ഥാന സൗകര്യ നിക്ഷേപ* ബോർഡിന്റേയും ക്ഷേമ നിധിയുടേയും പ്രവർത്തനങ്ങളും നടത്തിപ്പും വിശദമാക്കണം. എക്സ്പ്രസ്സ് ഹൈവേ എന്നത് നല്ല ആശയമാണെങ്കിലും അതിന്റെ ഗുണ ഫലം സാധാരണക്കാരനും ലഭ്യമാകുമെന്ന് ഉറപ്പു

വരുത്തണം. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പദ്ധതികൾക്കും വ്യക്തത ഉണ്ടാകണം. മാറ്റി പാർപ്പിക്കപ്പെടുന്ന ജനങ്ങളുടെ പുനരധിവാസം, പ്രോജക്ടുകളുടെ ഗുണഫലങ്ങൾ, സാമ്പത്തിക കാര്യങ്ങൾ എന്നിവയിൽ സുതാര്യത ഉറപ്പു വരുത്തണം. നിലവിലുള്ള പ്രോജക്ട് അനുസരിച്ച് മൂന്നാർ–കൊടൈക്കനാൽ റോഡു വരുമ്പോൾ 20 കിലോമീറ്റർ വനമേഖല നഷ്ടമാകുമെന്ന റിപ്പോർട്ടുകൾ ജാഗ്രതയോടെ കാണണം. ബി.ഒ.ടി. വ്യവസ്ഥകളിൽ പ്രോജക്ടുകൾ പൂർത്തിയാക്കുംപോൾ ടോൾ പിരിക്കാനുള്ള നടപടികളിലും വ്യക്തത ഉണ്ടാക്കണം. ജാമ്യത്തുകയുടെ പേരിൽ ട്രഷറി പണം ദുരുപയോഗം ചെയ്യപ്പെടരുത്. അടിസാഥാന സൗകര്യ നിക്ഷേപനിധിയിലേയ്ക്ക് വരുന്ന പണം ഏതെല്ലാം മേഖലകളിൽ നിക്ഷേപിക്കപ്പെടുന്നുവെന്ന് പരിശോധിക്കണം. മൂലധന വർദ്ധനവിനുവേണ്ടി ഒരു ബിൽ കൊണ്ടുവരുംപോൾ സാമാന്യ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാനുള്ള ജാഗ്രത ഉണ്ടാകണം. സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളും ക്ഷേമനിധികളിൽനിന്നുള്ള ആനുകൂല്യങ്ങളും ജനങ്ങൾക്ക് നിഷേധിക്കരുത്. പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടണം. ഈ കാര്യങ്ങളിലൊന്നും ഉറപ്പു നൽകാത്ത പശ്ചാത്തലത്തിൽ ഈ ബിൽ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ.ടി.കെ.ബാലൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കേരള അടിസ്ഥാന സൗകര്യ നിക്ഷേപബോർഡ് സമാഹരിക്കുന്ന വായ്പയുടെ സർക്കാർ ജാമ്യത്തുകയുടെ പരിധി 1000 കോടി രൂപയിൽനിന്നും 2000 കോടി രൂപയായി വർദ്ധിപ്പിക്കുംപോൾ സമാഹരിക്കപ്പെടുന്ന തുക ചെലവഴിക്കുന്നതു സംബന്ധിച്ച് വ്യക്തതയും സുതാര്യതയും ഉറപ്പു വരുത്തണം. കേരളത്തിൽ റോഡ് വികസനം വേണ്ടത്ര നടന്നിട്ടില്ല. അതേസമയം ജനസാന്ദ്രത ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണിത്. റോഡുകൾ, പാലങ്ങൾ, വിമാനത്താവളം, ഉൾനാടൻ ജലഗതാഗതം, വൈദ്യുതി എന്നിവയിലെല്ലാം സ്വയം പര്യാപ്തത ഉണ്ടാകണം. വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്വകാര്യ വിദേശ മൂലധനനിക്ഷേപം കേരളത്തിൽ വരുന്നതിനെ അന്ധമായി എതിർക്കുന്ന സമീപനം പ്രതിപക്ഷത്തിനില്ല. സയൻസ് ആന്റ് ടെക്നോളജി രംഗത്ത് വിദേശ മൂലധനനിക്ഷേപം കൊണ്ടുവരുന്നതിന് പ്രതിപക്ഷം എതിരല്ല. ജലവിതരണം പോലുള്ള മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനം അത്യന്താപേക്ഷിതമായിട്ടുള്ളതാണ്. അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി സ്വരൂപിക്കുന്ന തുക ഫലപ്രദമായി വിനിയോഗിച്ചെങ്കിൽ മാത്രമേ ജനങ്ങൾക്ക് അതുകൊണ്ട് ഉദ്ദേശിച്ച പ്രയോജനം ലഭിക്കുകയുള്ളൂ. അഖിലേന്ത്യാ ശരാശരി നോക്കുകയാണെങ്കിൽ നാല് സ്ക്വയർ കിലോമീറ്ററിൽ ഒരു കിലോമീറ്റർ റോഡാണ് കേരളത്തിലുള്ളത്. ഈ റോഡുകളിൽ പലതിലും ട്രാഫിക് കൺജഷൻ വലിയ തോതിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. വടക്കേ മലബാറിലേത് ഉൾപ്പെടെയുള്ള കേരളത്തിലെ നാഷണൽ ഹൈവേകളുടെ സ്ഥിതി വളരെ ദയനീയമാണ്. 600 കിലോമീറ്റർ കടൽത്തീരമുള്ള കേരളത്തിൽ കൊച്ചിയിൽ സ്ഥിതി

ചെയ്യുന്ന ഒരു മേജർ പോർട്ട് മാത്രമേയുള്ളു. ഈ പോർട്ടിന്റെ പല വിപുലീകരണ പദ്ധതികളും പ്രാവർത്തികമാക്കേണ്ടതുണ്ട്. ഇവിടെയുള്ള മററ് ഇടത്തരം–മൈനർ പോർട്ടുകളുടെ സ്ഥിതിയും വളരെ ദയനീയമാണ്. കേരളത്തിലെ വൈദ്യുതി മേഖല ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിൽ പരസ്പരം പഴിചാരി സ്വന്തം ഉത്തരവാദിത്വത്തിൽനിന്ന് ഒളിച്ചോടുന്നത് ശരിയല്ല. ഇനിയും കറണ്ട് ചാർജജ് വർദ്ധിപ്പിച്ചാൽ അത് കേരളത്തിലെ വ്യാവസായിക മേഖലയെ വളരെ പ്രതികൂലമായി ബാധിക്കും. കേരളത്തിലെ വികസന പ്രവർത്തനങ്ങൾ ലോകസാഹചര്യങ്ങളുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. വിനോദസഞ്ചാരം, ആരോഗ്യം തുടങ്ങിയ പ്രധാനപ്പെട്ട മേഖലകളുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം വേണ്ടിവരും. എന്നാൽ എല്ലാ കാര്യങ്ങൾക്കും സ്വകാര്യ പങ്കാളിത്തം കൂടിയേ കഴിയൂ എന്നുള്ള ഈ ഗവൺമെന്റിന്റെ സമീപനത്തിലാണ് ഞങ്ങൾക്ക് ആശങ്കയുള്ളത്. തിരുവനന്തപുരം, നെടുമ്പാശ്ശേരി, കരിപ്പൂർ വിമാനത്താവളങ്ങളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കണ്ണൂരിൽ വിമാനത്താവളം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സ്തംഭിച്ചു കിടക്കുന്നത് പുനരാരംഭിക്കുന്നതിന് ശക്തമായ സമ്മർദ്ദം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഈ വിമാനത്താവളം പ്രാവർത്തികമായാൽ കൈത്തറിയുടെ കയററുമതി വർദ്ധിക്കുന്നതിനും കൂടുതൽ പ്രവാസി മലയാളികളുള്ള കണ്ണൂർ, കാസർകോട് ജില്ലകൾക്ക് ഒരു അനുഗ്രഹവുമാണ്. ഈ യുഗം ഇൻഫർമേഷൻ ടെക്നോളജിയുടെ യുഗമാണെന്നാണ് വിശേഷിപ്പിക്കുന്നത്. സർവ്വീസ്, വിദ്യാഭ്യാസം, മെഡിക്കൽ, ഐ.ടി. എന്നീ രംഗങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം വളരെ വേഗത്തിൽ നടപ്പിലാക്കിക്കൊണ്ട് പുത്തൻ അവബോധം നടത്തുന്നുണ്ട്. ഇൻഫർമേഷൻ ടെക്നോളജിയിലൂടെ മാത്രമേ ഇനി സംസ്ഥാനത്തിന് പുരോഗതിയുണ്ടാകൂ എന്ന ഗവൺമെന്റിന്റെ ഔദ്യോഗിക പ്രഖ്യാപനത്തോടൊപ്പം എന്തു ത്യാഗം സഹിച്ചും വിദേശ മൂലധനനിക്ഷേപം സ്വീകരിക്കുമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. പഴയ ഗവൺമെന്റും ഈ ഗവൺമെന്റുമൊക്കെക്കൂടി 64 കോടി രൂപ കഴക്കൂട്ടത്തെ ടെക്നോപാർക്കിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജിയുടെ വിപുലീകരണത്തിനുവേണ്ടി നിരവധി ആനുകൂല്യങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ലോകത്തെ ഏററവും നല്ല ഐ.ടി. പാർക്കായ ടെക്നോപാർക്കിൽ ജോലി ചെയ്യുന്നവർക്ക് കഴിഞ്ഞ ഏഴ് മാസമായിട്ട് living allowance മാത്രമാണ് നൽകുന്നത്. അർഹമായ ആനുകൂല്യങ്ങൾ നൽകുന്നില്ല. ക്ലിപ്തമായ ജോലി സമയമില്ല. എന്നാൽ ജോലി രാജിവച്ച് പോകാൻ എൻ.ഒ.സി. പോലും നൽകുന്നില്ല. ഇതിനെക്കുറിച്ച് വ്യവസായവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കാര്യമായ അന്വേഷണം നടത്തുകയും ഈ രംഗത്തു സ്വീകരിച്ചിട്ടുള്ള നിരവധി നയങ്ങളെ സംബന്ധിച്ച് പുനരവലോകനം നടത്തുകയും ചെയ്താൽ മാത്രമേ ഈ ബില്ലിന് പ്രസക്തിയുണ്ടാകൂ.

<u>ശ്രീ. സാജുപോൾ</u> : 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2002 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ പുരോഗതിക്കായി പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കേരളം ചെറുതും ജനസാന്ദ്രതയേറിയതുമായ സംസ്ഥാനമാണെങ്കിലും പല മേഖലകളിലും അഖിലേന്ത്യാ തലത്തിലും ആഗോള തലത്തിലും മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യവും സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായി നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ചുവടുപിടിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് യാതൊരു ദിശാ ബോധവുമില്ലാതെ സമ്പന്ന വിഭാഗത്തെ സംരക്ഷിക്കാൻ ശ്രമിക്കുന്നു. പുതിയ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ പഴയ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടു വേണം മുന്നോട്ടു പോകാൻ. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ ബോർഡ് സമാഹരിക്കുന്ന വായ്പയുടെ സർക്കാർ ജാമ്യത്തുകയുടെ പരിധി ആയിരം കോടി രൂപയിൽനിന്നും രണ്ടായിരം കോടി രൂപയായി ഉയരുമ്പോൾ ഇന്നുള്ളതിന്റെ ഇരട്ടി നഷ്ടമുണ്ടാകും. പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഗവൺമെന്റ് നടത്തുന്ന ശ്രമത്തെ വിമർശിക്കുമ്പോൾ പ്രതിപക്ഷം സ്വകാര്യവൽക്കരണത്തിനാകെ എതിരാണെന്നുള്ള വ്യാഖ്യാനം ശരിയല്ല. എ.ഡി.ബി.യുടെ നിർദ്ദേശങ്ങൾക്കനുസരണമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടേയും എണ്ണം വെട്ടിക്കുറയ്ക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യത്തിൽ പ്രൊവൈഡർ സ്ഥാനത്തുനിന്ന് ഫെസിലിറ്റേറ്റർ പദവിയിലേയ്ക്ക് പിൻവാങ്ങുന്ന ഗവൺമെന്റ് ഇൻവെസ്റ്റ്മെന്റിനു പകരം ഡിസ്ഇൻവെസ്റ്റ്മെന്റ്, എംപ്ലായ്മെന്റിനു പകരം ഡിപ്ലോയ്മെന്റ് എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസം, തൊഴിൽ, പാർപ്പിടം, ആരോഗ്യം എന്നീ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കേരളത്തിലെ ഭരണരംഗം പുറകിലാണ്. കേന്ദ്ര നയങ്ങളുടെ ചുവടുപിടിച്ച് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ സ്വകാര്യ മേഖലയ്ക്ക് തീറെഴുതുന്നതിൽനിന്നും ഗവൺമെന്റ് പിൻതിരിയണം. നിയമസഭാ തെരഞ്ഞെടുപ്പിൽ നിരവധി വാഗ്ദാനങ്ങൾ നൽകി ജനങ്ങളെയാകെ മാറ്റിമറിച്ച് അധികാരത്തിൽ വന്നവർ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. *t?cf n*ൽ 35000 കോടി രൂപയോളം വിദേശ മലയാളികളുടെ നിക്ഷേപമുണ്ട്. അതിൽ നിന്ന് കാര്യമായ വിഹിതമുപയോഗിച്ചുകൊണ്ട് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി പരിശ്രമിക്കണം.. ശരിയായ ദിശാബോധത്തോടും കാഴ്ചപ്പാടോടും കൂടിയ പ്രവർത്തനങ്ങൾ കേരളത്തിൽ നടത്തണം. അല്ലാതെ ബഹുരാഷ്ട്രകുത്തക കംപനികൾക്കും വിവിധ ഏജൻസികൾക്കും മുതലാളിത്ത

രാജ്യങ്ങൾക്കും കേരളത്തിലെ മൂന്നു കോടി ജനങ്ങളെ പണയം വയ്ക്കുന്ന സമീപനം സ്വീകരിക്കരുത്.

ശ്രീ. കെ. ബാബു :- 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി)ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു, ഇവിടെ 500 കോടി രൂപയാണ് കഴിഞ്ഞ വർഷം ഗവൺമെന്റ് സമാഹരിച്ചത്. അത് ഈ ബില്ലിലൂടെ ആയിരം കോടിയായി ഉയർത്തുന്നു. ഗവൺമെന്റ് ഗ്യാരന്റി 2000 രൂപയായി മാറ്റുന്നു. ഈ കാര്യങ്ങളൊന്നും പരാമർശിക്കാതെ ബില്ലിന്റെ ചർച്ചയ്ക്ക് കൂടുതൽ സമയം അനുവദിക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നത്. വികസന മേഖലയിൽ ചെലവഴിക്കാൻ പണം സമാഹരിക്കാനാണ് ഓർഡിനൻസായിട്ട് ഈ നിയമം ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നത്. 507 കോടി രൂപ സമാഹരിച്ചുവെങ്കിലും ആ ഓർഡിനൻസിലൂടെ കൊണ്ടുവന്ന നിയമപ്രകാരം ഒരു രൂപപോലും അടിസ്ഥാന വികസനത്തിന് ചെലവാക്കിയില്ല. 170 കോടി രൂപയോളം അതിന്റെ പലിശയിനത്തിൽ ഈ ഗവൺമെന്റിന് അടയ്ക്കേണ്ടിവന്നു. മുൻ ഗവൺമെന്റ് ചെയ്തതുപോലെ ചെയ്യാതെ ഈ ഗവൺമെന്റ് ഈ ഫണ്ട് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ചെലവാക്കണം. ഈ സംസ്ഥാനത്തെ കടക്കെണിയിൽ തള്ളിവിട്ടിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണം വിട്ടു പോയത്. ഒരു സ്കീം പോലും ഐഡന്റിഫൈ ചെയ്യാൻ കഴിഞ്ഞ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് എ.ഡി.ബി. വായ്പ എടുക്കുന്നത് കുറഞ്ഞ പലിശയ്ക്കാണ്. ഈ സംസ്ഥാനത്തിന്റെ താല്പര്യത്തിനും പ്രത്യുല്പാദന മേഖലയിലെ വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നത്. പണം കടമെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ.ബിനോയ് വിശ്വം: ഈ ഗവൺമെന്റ് ഇന്ന് ആയിരം കോടി രൂപയുടെ മൂലധന സ്വരൂപണം നടത്താനും 2000 കോടി രൂപയ്ക്ക് ഗവൺമെന്റ് ജാമ്യം പ്രഖ്യാപിക്കുവാനും വേണ്ടിയാണ് ഇത്തരമൊരു ഭേദഗതി ബില്ല് കൊണ്ടുവന്നിരിക്കുന്നത്. ബില്ലിന്റെ ബെയ്സിക്കായിട്ടുള്ള ലക്ഷ്യങ്ങളെപ്പറ്റി ആശങ്കയുണ്ട്. അടിസ്ഥാന സൗകര്യങ്ങളെല്ലാം വികസിപ്പിക്കാൻ വേണ്ടിയെന്ന് വാദിക്കുന്ന ഈ ഗവൺമെന്റിന് പ്രസ്തുത വികസനത്തെപ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാടുമില്ല. സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുകയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. പരംപരാഗത വ്യവസായ മേഖലയാകെ തകർച്ചയിലാണ്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ നിർണ്ണായകമായ സ്ഥാനം കയർ, കൈത്തറി തുടങ്ങിയ പരംപരാഗത വ്യവസായ മേഖലകൾക്കുമുണ്ട്. എല്ലാ ഭാഗത്തുനിന്നും ഇവിടെ മൂലധനം ഒഴുകിവരുന്നുവെന്നാണ് വാദം. ഇവിടെ എത്ര പണം വന്നു, ഏതെല്ലാം മേഖലയിൽ വന്നുവെന്നുള്ളത് വിലയിരുത്തണം. ഇപ്പോൾ ഇന്ത്യയിൽ വന്നിരിക്കുന്ന

നിക്ഷേപങ്ങളിൽ ഏറിയപങ്കും കോസ്മെറ്റിക് രംഗത്തു മാത്രമാണ്. രാജ്യം വിട്ട് രാജ്യങ്ങളിലേയ്ക്കു പോകുന്ന ഓഹരി കംപോളങ്ങളിലെ ഈ നിക്ഷേപം മാത്രം കണ്ടുകൊണ്ട് വളർച്ചയുണ്ടാക്കാൻ മോഹിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ അതേ പാത പിൻതുടരാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നത്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് സംസ്ഥാനത്തിന്റെ വളർച്ചയ്ക്കുതകുന്ന യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സംസ്ഥാനത്തെ പരമ്പരാഗത വ്യാവസായിക മേഖല സമ്പൂർണ്ണമായി തകർന്നതിന്റെ ഫലമായി പതിനായിരക്കണക്കിനാളുകൾ തൊഴിൽരഹിതരായി. അതിനൊന്നും പരിഹാരമുണ്ടാക്കാൻ ശ്രമിക്കാതെ അടിസ്ഥാന സൗകര്യ വികസനം എന്ന് ഭംഗിവാക്ക് പറഞ്ഞ് ഗവൺമെന്റ് ജനങ്ങളെ വഞ്ചിക്കുകയാണ്. വികസന പദ്ധതികളെല്ലാം വെട്ടിച്ചുരുക്കിക്കൊണ്ട് ലോകബാങ്കിന്റെയും എ.ഡി.ബി.യുടേയും ഐ.എം.എഫ്.-ന്റെയുമൊക്കെ വായ്പകളെ മാത്രം ആശ്രയിച്ച് മുന്നോട്ടു പോകാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. നിക്ഷേപകർക്കു വേണ്ടി മാത്രം ചിന്തിക്കുന്ന , കമ്പോള ചങ്ങാത്ത നയത്തെ അനുകൂലിക്കുന്ന ഒരു ഗവൺമെന്റാണിത്. ഇതെല്ലാം സാധാരണ ജനങ്ങൾക്കെതിരായുള്ള യുദ്ധപ്രഖ്യാപനങ്ങളാണ്. വിദ്യാഭ്യാസം ഒരു മൗലികാവകാശമാണെന്ന് പാർലമെന്റിൽ ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന ഈ അവസരത്തിൽ ഇവിടെ നഷ്ടത്തിന്റെ പേരു പറഞ്ഞ് വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിലൂടെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനസൗകര്യം സാധാരണക്കാർക്ക് നിഷേധിക്കുകയും സംസ്ഥാനത്തെ ഇരുട്ടിൽ തള്ളിവിടുകയുമാണ് ചെയ്യുന്നത്. അങ്ങനെയുള്ള ഈ ഗവൺമന്റിന് എത്ര കോടി രൂപ അനുവദിച്ചുകൊടുത്താലും അതുകൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല.

ശ്രീ. എ.കെ.ബാലൻ : കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസിനെ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിനുവേണ്ടി ഉപയോഗിക്കാൻ കഴിയും. അവർക്ക് ആയിരം കോടി രൂപ സമാഹരിക്കാൻ ഗവൺമെന്റ് ഗ്യാരന്റി നിന്നപ്പോൾ കമ്മിഷൻ ഇനത്തിൽ സർക്കാരിന് പത്തു കോടി രൂപ ലഭ്യമായി. അയ്യായിരം കോടി രൂപ ഡെപ്പോസിറ്റ് സ്വീകരിക്കാൻ ആവശ്യമായ സംവിധാനം ചെയ്തുകൊടുത്താൽ നല്ലൊരു തുക കമ്മിഷൻ ഇനത്തിൽ ഗവൺമെന്റിന് ലഭ്യമാകും. അതിനെക്കുറിച്ച് പരിശോധിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : ഈ ബില്ല് കൊണ്ടുദ്ദേശിക്കുന്നത് ഒരു ഭേദഗതിയാണ്. വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കണമെങ്കിൽ പണം വേണം. വികസന പ്രവർത്തനങ്ങൾക്ക് നീക്കി വച്ചിരുന്ന 507 കോടി രൂപയാണ് ഈ ഗവൺമെന്റ് വകമാറ്റി ചെലവഴിച്ചത്. വളരെ ഗുരുതരമായ ഒരു തെറ്റാണത്. സ്വകാര്യ മേഖലയ്ക്കു മാത്രം ഊന്നൽ കൊടുക്കുന്ന ഒരു നയമല്ല ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പൊതുമേഖലയും സ്വകാര്യ മേഖലയും

ഒന്നിച്ചുപോകണമെന്നതാണ് ഗവൺമെന്റിന്റെ നയം. പൊതുമേഖലാസ്ഥാപനങ്ങൾ ഒരു രീതിയിലും നടത്തിക്കൊണ്ടു പോകാൻ പറ്റാത്തവിധം നഷ്ടത്തിലാകുമ്പോൾ അത് ഡിസ്ഇൻവെസ്റ്റ് ചെയ്യുക എന്ന മുൻ സർക്കാരിന്റെ തീരുമാനം ഈ സർക്കാരും അംഗീകരിക്കുന്നു. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്താനും സാമ്പത്തികമാന്ദ്യത മാറ്റിയെടുക്കാനും വേണ്ടി ആവശ്യമായ പണം ചുരുങ്ങിയ പലിശയ്ക്ക് കടംവാങ്ങാൻ മുൻ ഗവൺമെന്റ് എടുത്ത തീരുമാനത്തെ ഈ ഗവൺമെന്റ് അംഗീകരിച്ചുകൊണ്ട് എ.ഡി.ബി.യുമായി കരാർ ഉണ്ടാക്കി. ഭരണപക്ഷത്തിന്റേയും പ്രതിപക്ഷത്തിന്റേയും കൂട്ടായ്മയിലൂടെ മാത്രമേ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാവൂ. ഐ.ടി. മേഖലയുടെ വികസനം ഈ കാലഘട്ടത്തിന്റെ ഒരു അനിവാര്യതയാണ്. ബി.ജെ.പി. ഗവൺമെന്റിന്റെ നയം അല്ല ഐക്യജനാധിപത്യ മുന്നണിയുടെ നയം. പക്ഷേ കേരളത്തിന്റെ കാര്യങ്ങൾ നേടിയെടുക്കാൻ വേണ്ടി ബി.ജെ.പി. ഗവൺമെന്റുമായി യോജിക്കാവുന്ന കാര്യങ്ങളിൽ യോജിക്കും. സംസ്ഥാനത്ത് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി നേരത്തെ ഉണ്ടായിരുന്ന ബില്ലിൽ *ഒരു ചെറിയ* അമെന്റ്മെന്റ് വരുത്തിയതിനെ എതിർക്കുന്നത് ശരിയല്ല. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ കേരള സംസ്ഥാനം പണയംവച്ചുകൊണ്ട് എ.ഡി.ബി.യിൽ നിന്നും വായ്പ സ്വീകരിക്കുകയില്ലെന്ന് ഈ സഭയ്ക്ക് ഉറപ്പ് നല്കുന്നു. എ.ഡി.ബി. വായ്പ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കും. അതിന് ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും സഹകരണം ഉണ്ടാകണം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

2002-ലെ കേരള അടിസ്ഥാനസൗകര്യ നിക്ഷേപനിധി (ഭേദഗതി)ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച എട്ടാം നമ്പർ സബ്ജക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ഉച്ചയ്ക്കുശേഷം 3.30ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.32-ന് പിരിഞ്ഞു.)

## അപരാഹ്ന സമ്മേളനം (13-6-2002)

നിയമസഭ ഉച്ചയ്ക്കുശേഷം 3.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## നിയമനിർമ്മാണകാര്യം

2002–ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): 2002–ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

## ബില്ലിന് അവതരണാനുമതി നൽകുന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: ഈ ബിൽ ഭരണഘടനയ്ക്കും നിയമസഭാചട്ടങ്ങൾക്കും സഹകരണ ആക്ടിനും വിരുദ്ധമാണ്. സഹകരണനിയമപ്രകാരം ഭരണസമിതികളുടെ കാലാവധി അഞ്ചു വർഷമാണ്. ഇതുസംബന്ധിച്ച് ഹൈക്കോടതിവിധിയും ഉണ്ട്. ജില്ലാ സഹകരണ ബാങ്കുകളിലെ നിലവിലുള്ള ഭരണസമിതികൾക്ക് തുടരാമെന്നുള്ള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റേയും സുപ്രീം കോടതിയുടേയും വിധികളെ മറികടക്കുന്നതിനു വേണ്ടിയാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥകൾക്കും എതിരാണ് ഈ ബിൽ. ഈ ബില്ലിലെ വ്യവസ്ഥകൾക്ക് ആധാരമായ പല പ്രശ്നങ്ങളും ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുകയാണ്. അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻകീഴിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം നൽകാൻ കഴിയുകയില്ല. ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതികളെ പിരിച്ചുവിടുന്നതിന് ഉദ്ദേശിച്ചു കൊണ്ടുവന്നിട്ടുള്ള ഈ നിയമം ജനാധിപത്യ വിരുദ്ധമാണ്. ഈ ബിൽ അവതരിപ്പിക്കാൻ അനുമതി നൽകരുത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിയമസഭയ്ക്ക് ലെജിസ്ലേറ്റീവ് കോമ്പിറ്റൻസ് ഉണ്ടോ എന്നുമാത്രമാണ് ഒരു ബില്ലിന്റെ അവതരണവേളയിൽ നോക്കേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം ബില്ലിന്റെ ചർച്ചാവേളയിൽ പരിശോധിക്കേണ്ട വിഷയങ്ങളാണ്. നിയമസഭയ്ക്ക് എപ്പോൾ വേണമെങ്കിലും നിയമത്തിൽ മാറ്റം വരുത്താം. കോടതിയിൽ കേസ്സുണ്ടെങ്കിലും നിയമസഭയ്ക്ക് കോമ്പിറ്റൻസ് അനുസരിച്ച് നിയമത്തിൽ മാററം വരുത്താം. ഈ ബിൽ കേരള സഹകരണസംഘം ആക്ടിലെ വ്യവസ്ഥകൾക്കും ഭരണഘടനയ്ക്കും എതിരാണെന്നുള്ള വാദം ശരിയല്ല. ഈ ബില്ലിന് അവതരണാനുമതി നൽകാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവകുപ്പുമന്ത്രി (<u>ശ്രീ. എം. വി. രാഘവൻ</u>): 2002-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IXാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. ജയരാജൻ:</u> I move that ''This house resolves to disapprove The Kerala Cooperative Societies (Amendment) Ordinance, 2002 (Ordinance No.6 of 2002)"

ശ്രീ. കെ. ആർ. അരവിന്ദാക്ഷമേനോൻ ചെയർമാനായുള്ള കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് 1969-ലെ കേരള സഹകരണസംഘം ആക്ടിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടി ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നാണ് ഉദ്ദേശകാരണങ്ങളിൽ പറഞ്ഞിട്ടുള്ളത്. ഇത് സഹകരണമേഖലയെ സംരക്ഷിക്കാൻ ഉതകുന്ന രീതിയിലുള്ള ഭേദഗതി അല്ല. സഹകരണമേഖലയിൽ നിലനിൽക്കുന്ന ജനാധിപത്യ പ്രവർത്തനങ്ങളേയും സഹകരണതത്വങ്ങളേയും അട്ടിമറിക്കുന്നതിനുമാത്രമേ ഈ ബിൽ ഉപകരിക്കുകയുള്ളൂ. സഹകരണമേഖലയെ രാഷ്ട്രീയവൽക്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്. സഹകാരികളുടെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് മാത്രമേ സഹകരണനിയമത്തിൽ ഭേദഗതികൾ വരുത്താവൂ. സഹകരണമേഖലയിലെ പണം ഉപയോഗിച്ച് സ്വകാര്യട്രസ്റ്റ് രൂപീകരിച്ചുകൊണ്ടാണ് പരിയാരം മെഡിക്കൽ കോളേജ് മുൻ യു. ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ചത്. ആ കാലഘട്ടത്തിൽ അധികാരത്തിലിരുന്ന യു. ഡി. എഫ്. ഗവണ്മെന്റ് സഹകരണസംഘം ഭരണസമിതികളുടെ കാലാവധി അഞ്ചു വർഷത്തിൽ നിന്നു മൂന്നു വർഷമാക്കി കുറച്ചു. സഹകരണ ജനാധിപത്യത്തെ തകർക്കുന്നതിനാണ് യു.ഡി.എഫ് എല്ലാക്കാലത്തും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ത്രിതല സംവിധാനം മുതൽ പാർലമെന്റ് വരെയുള്ള ജനപ്രതിനിധികളുടെ കാലാവധി അഞ്ചുവർഷമായിരിക്കെ സഹകരണമേഖലയിൽ അത് മൂന്നുവർഷമായി ചുരുക്കിയത് സഹകരണമേഖല പിടിച്ചെടുക്കാനുള്ള രാഷ്ട്രീയ സങ്കുചിത താല്പര്യത്തിന്റെ ഭാഗമായിട്ടാണ്. 1997-ലെ ഭേദഗതി നിയമത്തിലൂടെ അത് 5 വർഷമായി പുന:സ്ഥാപിക്കപ്പെട്ടു. കടലാസ് സംഘങ്ങളെ ഉൾപ്പെടുത്തി ജില്ലാ സഹകരണ ബാങ്കുകൾ പിടിച്ചെടുക്കാനുള്ള നീക്കത്തിനെതിരായിട്ടാണ് യഥാർത്ഥത്തിൽ 1997-ൽ ഭേദഗതി കൊണ്ടുവന്നത്. സംസ്ഥാനത്ത് ജില്ലാ സഹകരണ ബാങ്കുകൾ രൂപീകരിച്ചത് കാർഷിക വായ്പാ സംഘങ്ങൾക്ക് മാത്രം അഫിലിയേഷൻ കൊടുത്തുകൊണ്ടായിരുന്നു. 1958-ൽ ആർ.ബി.ഐ.യുടെ അനുമതിയോടെയാണ് കയർ

സംഘങ്ങൾക്കും കൈത്തറി സംഘങ്ങൾക്കും ഇതിൽ നിന്ന് ലോൺ എടുക്കാനുള്ള വ്യവസ്ഥയുണ്ടാക്കിയത്. അപ്പോഴും മെമ്പർഷിപ്പ് കൊടുത്തിരുന്നില്ല. പിന്നീട് റിസർവ് ബാങ്ക് നിർദ്ദേശത്തെ അടിസ്ഥാനപ്പെടുത്തി വായ്പേതര സംഘങ്ങൾക്കും മറ്റും അംഗത്വം കൊടുത്തു. ആ രീതി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് 1991–96 കാലത്ത് യു.ഡി.എഫ്. ഭരണത്തിൻ കീഴിൽ ബാങ്കുകൾ പിടിച്ചെടുത്തത്. കൊല്ലം ജില്ലയിൽ ഒറ്റദിവസംകൊണ്ട് ജില്ലാ ജോയിന്റ് രജിസ്ട്രാർ 40 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും അടുത്ത ദിവസം അഡ്മിനിസ്ട്രേറ്റർ അവർക്കെല്ലാം ജില്ലാ ബാങ്കിൽ അംഗത്വം നൽകി. സഹകരണമേഖലയെ അട്ടിമറിച്ചു. ജില്ലാ സഹകരണ ബാങ്കായാലും സ്റ്റേറ്റ് സഹകരണ ബാങ്കായാലും അവ രൂപീകരിക്കുന്ന അവസരത്തിൽ അതിന്റെ ശില്പികൾക്ക് വളരെ വ്യക്തമായ ഉദ്ദേശമുണ്ടായിരുന്നു. മറ്റ് വായ്പേതര സംഘങ്ങൾക്ക് അപ്പെക്സ് ബോഡിയുള്ളതുകൊണ്ട് കാർഷിക വായ്പാ സഹകരണസംഘങ്ങൾക്ക് മാത്രം ഇതിൽ അംഗത്വം നൽകേണ്ടതുള്ളൂ എന്നതായിരുന്നു ഉദ്ദേശം. സംസ്ഥാനത്തെ കേന്ദ്ര സഹകരണ ബാങ്കുകൾ സംസ്ഥാന–ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ചപ്പോൾ അതിലെ അംഗത്വം കാർഷിക വായ്പാ സഹകരണസംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. അതിന്റെ ഉദ്ദേശ്യലക്ഷ്യത്തെ തകർത്തുകൊണ്ടാണ് മറ്റ് വായ്പേതര സംഘങ്ങൾക്ക് അംഗത്വം നല്കുന്ന സമീപനം സ്വീകരിച്ചിട്ടുള്ളത്. 1999–ലെ ഭേദഗതി നിയമത്തിൽ വളരെ പ്രധാനപ്പെട്ട മറ്റ് ഭേദഗതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. മെമ്പർഷിപ്പിന് അപേക്ഷിച്ചാൽ അപേക്ഷ സ്വീകരിക്കുന്ന തീയതി മുതൽ 90 ദിവസത്തിനകം തീരുമാനമെടുക്കണമെന്ന വ്യവസ്ഥ അതിൽ ഉൾപ്പെടുത്തി അപ്പെക്സ് സംഘത്തോട് അഫിലിയേറ്റ് ചെയ്യാനും ബൈലാ രജിസ്ട്രേഷനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999–ലെ നിയമ ഭേദഗതിയിൽ വരുത്തിയിട്ടുള്ള പ്രധാനപ്പെട്ട ഒരു ഭേദഗതി സജീവ അംഗങ്ങൾക്ക് മാത്രമേ വോട്ടവകാശം നല്കാവൂ എന്നാണ്. സജീവ അംഗങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജനറൽ ബോഡിയിൽ പങ്കെടുത്തിരിക്കണം. സഹകരണമേഖലയെ ശക്തിപ്പെടുത്താനുള്ള വളരെ പ്രധാനപ്പെട്ട ഭേദഗതികളാണ് 1999–ലെ ഭേദഗതി നിയമത്തിൽ ഉണ്ടായിരുന്നത്. നിലവിലുള്ള ഭരണസമിതിയുടെ കാലാവധി അഞ്ചുവർഷം എന്നത് മൂന്നുവർഷമായി പരിമിതപ്പെടുത്തുമ്പോൾ ആ കാലയളവിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സമിതിയുടെ അവസ്ഥ എന്തായിരിക്കുമെന്ന് നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്യണം. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഭരണസമിതിക്ക് തുടരാമെന്നുള്ള ഹൈക്കോടതി വിധി മറികടക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ജില്ലാ ബാങ്ക് ഭരണസമിതികളെ അട്ടിമറിക്കാനും സഹകരണ ജനാധിപത്യത്തെ കശാപ്പ് ചെയ്യാനുമാണ് ഇതിലൂടെ യു.ഡി.എഫ്. ഗവൺമെന്റ് ശ്രമിക്കുന്നത്. 1999–ൽ നിയമസഭ പാസ്സാക്കിയ കേരള സഹകരണസംഘം (ഭേദഗതി) നിയമത്തിന്റെ സ്പിരിറ്റിന് എതിരാണ് ഈ ബിൽ. സഹകരണ ബാങ്കുകൾ എന്തിനുവേണ്ടി രൂപീകരിച്ചുവോ അതിനു വിരുദ്ധമായി രാഷ്ട്രീയ താല്പര്യം മാത്രം മുൻനിറുത്തി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ അപകടകരമാണ്. ക്രെഡിറ്റ് സംഘങ്ങളുടെ അപ്പക്സ് ബോഡിയായ ജില്ലാ സഹകരണ

ബാങ്കുകളിൽ വായ്പേതര സംഘങ്ങൾക്ക് അംഗത്വം നൽകുന്ന നടപടി സഹകരണ ജനാധിപത്യ തത്വങ്ങൾക്ക് എതിരാണ്. അതിൽനിന്നും പിൻതിരിയാൻ ഗവൺമെന്റ് സന്നദ്ധമാകണം. ജില്ലാ സഹകരണ ബാങ്കിൽ വായ്പാസംഘങ്ങളുടെ പ്രതിനിധിയെ വായ്പേതര സംഘങ്ങളുടെ പ്രതിനിധികൾ തെരഞ്ഞെടുക്കുന്നതിലുള്ള പൊരുത്തക്കേട് അവസാനിപ്പിക്കണം. ഹൗസിംഗ് ലോൺ നല്കുന്ന പ്രൈമറി സംഘങ്ങളെ ഹൗസിംഗ് സംഘമായി പരിഗണിച്ച് ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്യണം. സഹകരണ തത്വങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി സംസ്ഥാനത്ത് അൺലൈസൻസ്ഡ് അർബൻ ബാങ്കുകൾ വരുന്നത് സർവീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെ നിലവിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഹാനികരമായതിനാൽ അത് തടയണം. സംസ്ഥാനത്ത് റിസർവ് ബാങ്കിന്റെ അംഗീകാരമില്ലാത്ത അർബൻ ബാങ്കുകൾ ധാരാളം ഉണ്ടാകുന്ന അവസ്ഥ ഉണ്ടായിരിക്കുന്നു. ബാങ്കിംഗ് റഗുലേഷൻസ് ആക്ടനുസരിച്ച് ഈ ബാങ്കുകൾക്ക് ലൈസൻസുണ്ടായിരിക്കണം. എൽ.ഡി..എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിൽ ഇതു സംബബന്ധിച്ചൊക്കെ വ്യവസ്ഥ ചെയ്തിരുന്നു.സഹകരണ മേഖല കുറ്റമറ്റതാക്കുകയും ഈ മേഖലയിലുള്ള അനീതിക്കെതിരെ നടപടികളുണ്ടാവുകയും വേണം.

<u>ശ്രീ. വി. കെ.. ചന്ദ്രൻ</u> :- നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിലെ സഹകരണ ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന രൂപത്തിലുള്ള ഒരു ഓർഡിനൻസാണ് നിയമമാക്കുന്നത്. സഹകരണ മേഖല പൊതുവിലും വായ്പാരംഗത്തും മെച്ചപ്പെട്ടതും കരുത്തു നേടിയതുമായ ഒരു മേഖലയാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് ജനാധിപത്യപരമായി ഈ സംഘത്തെ നയിക്കാൻ കഴിഞ്ഞു. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ
വന്നതു മുതൽ ഈ മേഖലയിലെ ജനാധിപത്യം കാറ്റിൽ പറത്തുകയാണ്. 1991-96-കാലഘട്ടത്തിലും സഹകരണ മേഖലയിലെ ജനാധിപത്യ സംവിധാനത്തിന് നേരെ കടന്നാക്രമണം നടത്തുകയുണ്ടായി;. ഓർഡിനൻസ് കൊണ്ടുവന്ന് ഭരണ സമിതികളെ പിരിച്ചുവിടുന്ന സമീപനം സ്വീകരിക്കുകയുണ്ടായി. ഒരു ജില്ലാ സഹകരണ ബാങ്കിലെ നിയമനത്തിൽ അഴിമതി ഉണ്ടായതായി പരാതി ഉയർന്നിരുന്നു. 1993 – ൽ കേരളത്തിൽ 9000 – ഓളം വായ്പേതര സംഘങ്ങൾ രൂപപ്പെട്ടുവരികയും അവർക്ക് വോട്ടവകാശം കൊടുക്കുകയും ചെയ്തു. ആ കാലഘട്ടത്തിൽ വായ്പാ സംഘങ്ങൾക്കും കാർഷിക സഹകരണ സംഘങ്ങൾക്കും ജില്ലാ സമിതിയുടെ ഭരണത്തിൽ പങ്കാളിത്തമുണ്ടായിരുന്നില്ല. അതുപോലെ പ്രവർത്തന മൂലധനത്തിന്റെ ഒരു ശതമാനംപോലും ഈ സംഘങ്ങൾക്ക് ലാഭമുണ്ടാക്കാനും ഈ സംഘങ്ങളിലുണ്ടായ മിച്ച ഫണ്ട് ശാസ്ത്രീയമായി ഉപയോഗിക്കാനും കഴിഞ്ഞിട്ടില്ല. ഇപ്പോൾ വ്യാജ കടലാസ് സംഘങ്ങളാണ് കൂടുതലുമുള്ളത്. അവർക്ക് ആഡിറ്റിംഗിനും സൂപ്പർവിഷനും ഒരു സംവിധാനവുമില്ല. ജില്ലാ ബാങ്കുകളെ ഏതു രൂപത്തിൽ മെച്ചപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ച് പഠിക്കാൻ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സഭയിൽ വച്ചിട്ടുണ്ട്.

കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള സഹകരണ സംഘമായ മിൽമയിൽ *എല്ലാവർക്കും വോട്ടവകാശം ഇല്ല. പാലക്കാടുള്ള സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇപ്പോൾ കോൺഗ്രസ്സിന്റെ ഓഫീസായി പ്രവർത്തിക്കുകയാണ്.* കേരളത്തിലെ സഹകരണ മേഖലയെ സ്വന്തം കൈപ്പിടിയിൽ ഒതുക്കുന്നതിന് സഹായകരമായ നീക്കങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഭരണ സമിതികളുടെ കാലാവധി തീരാൻ 4 മാസം ബാക്കിനില്ക്കെ ഈ ഓർഡിനൻസ് കൊണ്ടുവരേണ്ട അടിയന്തിര സാഹചര്യമൊന്നും നിലവിലില്ല. സംഘങ്ങളിലെ എല്ലാ അംഗങ്ങൾക്കും വോട്ടവകാശം ലഭിക്കണമെന്ന ഒറ്റ കാരണമാണ് ഗവൺമെൻറ് കാണുന്നത്. സഹകരണ മേഖലയിൽ ജനാധിപത്യത്തെ പാടേ തകർക്കുന്ന നിലപാട് സ്വീകരിക്കുന്നത് ജനാധിപത്യത്തിന്റെ അന്ത്യം കുറിക്കുകയും ജനവിശ്വാസം നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്നതിൽനിന്നും ഗവൺമെന്റ് പിന്തിരിയണം.

<u>ശ്രീ.പി.ജെ. ജോയി:</u> 2002 – ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30–7–2002– വരെ സർക്കുലേറ്റ് ചെയ്യണം എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1997–ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന നിയമ നിർമ്മാണത്തിന്റെ ഫലമായി ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം നഷ്ടപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങളുടെ അംഗത്വം പുനരുജ്ജീവിപ്പിക്കുകയാണ് ചെയ്യുന്നത്. 1–1–1974–നും 3–6–1993–നും ഇടയ്ക്കുള്ള കാലയളവിൽ വിരമിച്ച സംഘത്തിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നല്കുന്നതിനു വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനു വേണ്ടിയാണ് ഇത് കൊണ്ടുവരുന്നത്. പ്രൈമറി സഹകരണസംഘങ്ങളേയും കേന്ദ്ര സംഘങ്ങളേയും ഫെഡറൽ സംഘങ്ങളേയും ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിന്റെ അംഗങ്ങളായി ഉൾപ്പെടുത്തുന്നതിനാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്. സംഘങ്ങളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെ തെരഞ്ഞെടുക്കുന്നതിനും കമ്മിറ്റി കൊണ്ടുവരുന്ന അവിശ്വാസ പ്രമേയം മുഖേന അത്തരം ഉദ്യോഗസ്ഥരെ നീക്കം ചെയ്യുന്നതിനുംവേണ്ടി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ കാലാവധി 5 വർഷമാണ്. പക്ഷേ സെക്ഷൻ 12 അനുസരിച്ച് അവരവരുടെ ബൈലായിൽ ഭേദഗതി വരുത്തിയില്ലെങ്കിൽ 3 വർഷമായി തുടരും. ജില്ലാ സഹകരണ ബാങ്കുകളെ എല്ലാവർക്കും പ്രാതിനിധ്യമുള്ള ഒരു സ്ഥാപനമാക്കി മാററാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള റിക്രൂട്ട്മെന്റ് ബോർഡ് യഥാർത്ഥത്തിൽ ആവശ്യമില്ല. സഹകരണ മേഖലയിലെ ജീവനക്കാരുടെമേൽ നടപടിയെടുക്കാൻ അപ്പോയിന്റിംഗ് അതോറിററിക്ക് അധികാരമുണ്ടായിരിക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോഴെല്ലാം ധാരാളം സഹകരണ സ്ഥാപനങ്ങൾ ജനാധിപത്യവിരുദ്ധമാർഗ്ഗങ്ങളിലൂടെ പിടിച്ചെടുത്തിട്ടുണ്ട്. അതേസമയം

സഹകാരികളുടെ താല്പര്യം സംരക്ഷിക്കുകയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. സഹകരണ ബാങ്കുകളെ കുററമററ രീതിയിലാക്കി മാററാനുള്ള ലക്ഷ്യത്തോടെ കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതി ബില്ലാണിത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : 2002–ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിനെതിരെ പ്രതിപക്ഷത്തുനിന്നും, പ്രത്യേകിച്ച് മാർക്സിസ്ററു പാർട്ടി അംഗങ്ങളിൽ നിന്നു വന്ന വിമർശനങ്ങൾ ആരാച്ചാരുടെ അഹിംസാപ്രസംഗം പോലെയാണ്. വികേന്ദ്രീകൃത ജനാധിപത്യം അംഗീകരിക്കാൻ കമ്മ്യൂണിസ്റ്റു പാർട്ടിക്ക് കഴിയുകയില്ല. ഈ നിയമ നിർമ്മാണത്തിലൂടെ ഗവൺമെന്റ് ജനാധിപത്യത്തെ കൂടുതൽ സുതാര്യമാക്കിയിരിക്കുകയാണ്. 1997–ലെ ആക്ടുമൂലം അംഗത്വം നഷ്ടപ്പെട്ട പ്രാഥമിക സംഘങ്ങളെ ഈ നിയമ നിർമ്മാണത്തിലൂടെ ജില്ലാ സഹകരണ ബാങ്കിന്റെ അംഗങ്ങളാക്കി മാറ്റും. അതേസമയം 1997–ലെ ആക്ടുമൂലം നാമമാത്ര അംഗമായോ അസോസിയേറ്റ് അംഗമായോ പേരു ചേർത്തിട്ടുള്ള പ്രാഥമിക സംഘങ്ങളുടെ അംഗത്വം റദ്ദാവുകയും ചെയ്യും. സംഘങ്ങളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ട്രഷറർ, മറ്റ് ഉദ്യോഗസ്ഥൻമാർ എന്നിവരെ തെരഞ്ഞെടുക്കുന്നതിനും അവിശ്വാസപ്രമേയത്തിലൂടെ അത്തരം ഉദ്യോഗസ്ഥൻമാരെ നീക്കം ചെയ്യുന്നതിനും 1974–നും 1993–നും ഇടയ്ക്ക് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്ന തിനും ബില്ലിൽ വ്യവസ്ഥയുണ്ട്. ജില്ലാ ബാങ്കിന്റെ പ്രധാന കർത്തവ്യം സഹകരണ സ്ഥാപനങ്ങൾക്ക് ലോൺ നൽകുകയാണ്. ലോൺ വാങ്ങുന്നവരൊക്കെ അതിലെ അംഗങ്ങളാകും. എന്നാൽ മുൻ ഗവൺമെന്റിന്റെ കാലത്ത് അധികാരം കൈവെള്ളയിലൊതുക്കുന്നതിനുവേണ്ടി പ്രൈമറി സംഘങ്ങളെ ആക്ടീവ് മെമ്പേഴ്സ് എന്നും അല്ലാതുള്ളവയെന്നും തരംതിരിച്ചു. സഹകരണ മേഖല പിടിച്ചെടുക്കാനുള്ള സി.പി.എം.ന്റെ ഈ തന്ത്രത്തിലൂടെ നിരവധി സഹകരണ സ്ഥാപനങ്ങൾ പിടിച്ചെടുത്തു. രോഗം മൂലം ഒരാൾ ജനറൽ ബോഡിയിൽ വരാതിരുന്നാലോ വായ്പ എടുത്തിട്ടില്ല എന്ന കാരണത്താലോ ഒരംഗത്തിന് അയോഗ്യത കൽപ്പിക്കുന്നതും വോട്ടവകാശം നിഷേധിക്കുന്നതും പൗരാവകാശ ലംഘനമാണ്. മുൻ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള ഇത്തരം ജനാധിപത്യ വിരുദ്ധ നടപടികൾ തിരുത്തുക മാത്രമാണ് യു. ഡി. എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്.

ശ്രീ. എം. വി. ജയരാജൻ : കേരളത്തിലെ 1583 വായ്പാ സംഘങ്ങളുടെ അപ്പക്സ് ബോഡിയാണ് ജില്ലാ സഹകരണ ബാങ്ക്. ജില്ലാ സഹകരണ ബാങ്കുകളുടെ അപ്പക്സ് സംഘമായിട്ടാണ് സംസ്ഥാന സഹകരണ ബാങ്കുകൾ അറിയപ്പെടുന്നത്. ഇതിലൂടെ 14000 കോടി രൂപയുടെ ട്രാൻസാക്ഷൻസ് നടക്കുന്നുണ്ട്. ഈ ക്രെഡിറ്റ് സംഘങ്ങളെയും അപ്പക്സ് സംഘങ്ങളെയും ക്രെഡിറ്റേതര സംഘങ്ങളുടെ കീഴിൽ കൊണ്ടുവരാനുള്ള നീക്കം ജനാധിപത്യ വിരുദ്ധമാണ്. ക്രെഡിറ്റ് മേഖലയിലെ അപ്പക്സ് സംഘമായി ജില്ലാ സഹകരണ

ബാങ്കിനെയും സംസ്ഥാന സഹകരണ ബാങ്കിനെയും നില നിർത്തണം. ഈ നിയമം ഓർഡിനൻസായി ഇറക്കിയതിന് യാതൊരു അടിയന്തിര സാഹചര്യവും നിലവിലില്ല. ജില്ലാ സഹകരണ ബാങ്കുകളിലെ നിലവിലുള്ള കമ്മിറ്റികൾ പിരിച്ചുവിടുന്നതിനുവേണ്ടിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. കടലാസ് സംഘങ്ങളെ ഉപയോഗിച്ച് സഹകരണ മേഖലയിൽ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള ശ്രമം അപലപനീയമാണ്. സമാന സ്വഭാവമുള്ള സംഘങ്ങളെ തരം തിരിക്കണം. സംസ്ഥാന സഹകരണ ബാങ്കിന്റെ ചെയർമാനായി വിജിലൻസ് കേസിൽ പ്രതിയായിട്ടുള്ള ഒരാളെ നിയമിച്ചത് അംഗീകരിക്കാൻ കഴിയില്ല. സഹകരണ മേഖലയുടെ കാര്യത്തിൽ കോടതി വിധികൾ പോലും മാനിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുന്നില്ല. ഈ ഗവൺമെന്റ് ഇതിനകം 500 സഹകരണസംഘങ്ങളെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിലാക്കി സംഘങ്ങളുടെ പരമാധികാരത്തെ തകർത്തു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ ചെയർമാൻ സ്ഥാനത്ത് അന്നുണ്ടായിരുന്ന ആളിനെ തുടരാൻ അനുവദിക്കുകയാണുണ്ടായത്. 1999-–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന കേരള സഹകരണസംഘം (ഭേദഗതി) ബില്ലിലെ സെക്ഷൻ 11 ഒഴിവാക്കിയത് സഹകരണ മേഖലയിലെ ജനാധിപത്യ സ്വഭാവം നിലനിറുത്തുന്നതിനുവേണ്ടിയായിരുന്നു. ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന കാർഷിക വികസന ബാങ്കിനേയും അപ്പക്സ് ബാങ്കുകളായി കാണണം. സഹകരണ ബാങ്കുകളിലെ ലാഭവിഹിതം നിശ്ചയിക്കുന്നത് ഇടപാടുകൾക്ക് ആനുപാതികമായിട്ടായിരിക്കണം. കേരളത്തിലെ ബോഗസ് സഹകരണ സംഘങ്ങളെ ഇല്ലാതാക്കുന്നതിനു പകരം സംരക്ഷിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. പ്രസ്തുത സംഘങ്ങളുടെ ധൂർത്ത് അവസാനിപ്പിക്കണം. വിനോദസഞ്ചാര മേഖലയിൽ വളരെ നന്നായി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെയും ഗുജറാത്തിലെ അമുലിന്റേയും മാതൃക കേരളത്തിന് ഇതര സഹകരണ മേഖലയിൽ പ്രാവർത്തികമാക്കന്നതിന് ശ്രമിക്കണം. സഹകരണ പ്രസ്ഥാനം ഒരു ജനാധിപത്യ പ്രസ്ഥാനമാണ്. ജനാധിപത്യത്തെ തകർക്കുന്നതിനുവേണ്ടിയുള്ള വകുപ്പുകളാണ് ഈ ഭേദഗതി ബില്ലിൽ നിർദ്ദേശച്ചിട്ടുള്ളത്. താല്കാലിക രാഷ്ട്രീയ ലാഭത്തിനു വേണ്ടിയുള്ള ഈ സമീപനം അവസാനിപ്പിക്കണം. 2001 സെപ്ററംബറിൽ ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണ സമിതികൾ പിരിച്ചുവിട്ടുകൊണ്ട് ജനാധിപത്യ കശാപ്പ് നടത്തിയ ഈ ഗവൺമെന്റിന്റെ നടപടി സഹകരണ മേഖലയിൽ ഒരു കറുത്ത അദ്ധ്യായത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. കേരള നിയമസഭ ഈ ജനാധിപത്യ കശാപ്പിന് കൂട്ടുനിൽക്കാൻ പാടില്ല. കേരളത്തിലെ സഹകരണ മേഖലയിൽ വിശ്വാസമർപ്പിച്ചിട്ടുള്ള ജനങ്ങളോട് കാണിക്കുന്ന വഞ്ചനയാണിത്.

സഹകരണ വകുപ്പുമന്ത്രി (ശ്രീ.എം.വി.രാഘവൻ) : വളരെ നിസാരമായ ചില ഭേദഗതികൾ മാത്രമാണ് ഈ ബില്ലിലുള്ളത്. അതിന്റെ പേരിൽ വിമർശനങ്ങൾ ഉന്നയിക്കേണ്ട കാര്യമില്ല. 1997–ൽ സഹകരണ മേഖലയിലെ ജനാധിപത്യ സ്വഭാവം അട്ടിമറിക്കുന്നതിനു

വേണ്ടി ഓർഡിനൻസ് കൊണ്ടുവന്ന് പാസ്സാക്കി എടുത്തത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. അന്ന് 7421 സഹകരണ സംഘങ്ങൾക്കുള്ള മെമ്പർഷിപ്പ് നഷ്ടപ്പെടുത്തുകയും 1667 സഹകരണ സംഘങ്ങൾക്കു മാത്രമായി മെമ്പർഷിപ്പ് നിലനിർത്തുകയും ചെയ്തുകൊണ്ട് ജനാധിപത്യ കശാപ്പ് നടത്തി. കഴിഞ്ഞ ഗവൺമെന്റു ചെയ്ത ഇതുപോലുള്ള തെറ്റുകൾ തിരുത്തുന്നതിനു വേണ്ടിയാണ് ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി ബിൽ ഇവിടെ കൊണ്ടുവന്നത്. കഴിഞ്ഞ ഗവൺമെന്റ് സഹകരണ മേഖലയിൽ ധൂർത്തും അഴിമതിയും നടത്തി കൊള്ളയടിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. സഹകരണ മേഖലയിലെ അഴിമതികളും ധൂർത്തും അവസാനിപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റാണിത്. 1997-ൽ 7421 സൊസൈറ്റികൾക്ക് മെമ്പർഷിപ്പ് നിഷേധിച്ചത് തിരിച്ച് നൽകുമെന്നുള്ളത് യു.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. പിരിച്ചുവിട്ട 12 ജില്ലാ ബാങ്ക് ഭരണ സമിതികളിൽ രണ്ടെണ്ണം യു.ഡി.എഫിന്റേതും 10 എണ്ണം എൽ.ഡി.എഫിന്റേതുമായിരുന്നു. 1-1-1974-നും 3-6-1993-നും ഇടയ്ക്ക് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ ഈ ഭേദഗതി നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഭരണസമിതികൾ പിടിച്ചെടുക്കുകയെന്നുള്ള ദുഷ്ടലാക്കോടെയാണ് ''സജീവ അംഗം'' എന്ന ഒരു ഭേദഗതി 1977-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നത്. പുതിയ നിയമത്തിൽ അവിശ്വാസ പ്രമേയം കൊണ്ടുവരാൻ വ്യവസ്ഥയില്ല. ലൈസൻസ് ഇല്ലാത്ത ബാങ്കുകൾ പ്രവർത്തിക്കാൻ പാടില്ലെന്ന് റിസർവ് ബാങ്ക് നിർബന്ധിച്ചാൽ 1661 പ്രൈമറി സഹകരണ ബാങ്കുകൾ ഇല്ലാതാകും. 83 അർബൻ ബാങ്കുകളുള്ളതിൽ 43 എണ്ണത്തിന് ലൈസൻസ് ഇല്ല. ഹൈക്കോടതിയിൽ കേസ് ഉള്ളതുകൊണ്ട് അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. മൊത്തം 11,000 കോടിരൂപയുടെ നിക്ഷേപമാണുള്ളത്. ഒരൊറ്റ ബാങ്കും കാർഷിക കടം കൊടുക്കുന്നില്ല. പണം ട്രഷറിയിൽ നിക്ഷേപിച്ചതുകൊണ്ടാണ് നബാർഡ് റീ-ഫിനാൻസ് ചെയ്യാത്തത്.

( ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നടത്തിയ ചില പദപ്രയോഗങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി. )

<u>ശ്രീ. എം.വി. രാഘവൻ:</u> പരിയാരം മെഡിക്കൽ കോളേജിനുവേണ്ടി ഗവൺമെന്റ് നൽകിയ 164 കോടി രൂപ വകുപ്പുമന്ത്രിയുടെ പക്കലാണെന്നുള്ള ആരോപണം ശരിയല്ല. 60 കോടി രൂപ ശംപള ഇനത്തിൽ നൽകുകയുണ്ടായി. ആ തുക പ്രസ്തുത സ്ഥാപനം സഹകരണ മേഖലയെ ഏൽപിക്കുമ്പോൾ ഷെയറായി ട്രീറ്റ് ചെയ്യാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. മാത്രമല്ല, 86 കോടി രൂപയുടെ നഷ്ടവും കഴിഞ്ഞ ഗവൺമെന്റ് ആ സ്ഥാപനത്തിന് വരുത്തിയിരിക്കുന്നു. ഇതിന്റെയൊക്കെ ഫലമായി 130 കോടി രൂപയുടെ പ്രോജക്ടിന് 212 കോടി രൂപയുടെ കടം വീട്ടേണ്ട സ്ഥിതി ഈ ഗവൺമെന്റിന് ഉണ്ടായിരിക്കുന്നു. കഴിഞ്ഞ സർക്കാർ ചെയ്ത തെറ്റ് തിരുത്താനാണ് ഈ ബില്ലുകൊണ്ട്

ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ യാതൊരു രാഷ്ട്രീയ ഉദ്ദേശവുമില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2002-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാംനമ്പർ കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 6.34-ന് പിരിഞ്ഞു.

---